VOL NO: 09
ISSUE 11
2025 MARCH 15
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ഈമാൻ നൽകുന്ന നിർഭയത്വം



# ലഹരി, ആക്രമണം, കൊലപാതകം! കേരളത്തിലെ കൗമാരത്തിന് എന്തു പറ്റി?

ഏതൊരു അക്രമത്തിന്റെയും നാരായവേര് തേടിപ്പോയാൽ ചെന്നെത്തുന്നത് സിന്തറ്റിക് ലഹരിയുടെ ചാരത്തേക്കാണ്. വ്യക്തിയെ സ്വയം നശിപ്പിക്കുകയും മറ്റുള്ളവരുടെ സ്വസ്ഥജീവിതത്തിന് അലോസരം സൃഷ്ടിക്കുകയും ചെയ്യുന്ന ലഹരി ഇന്ന് കൗമാരക്കാരിലും വ്യാപകമായിരിക്കുന്നു. അവബോധത്തിന്റെ അഭാവവും നിയമത്തിന്റെ പഴുതുകളുമാണ് ആഘാതത്തിന്റെ വ്യാപ്തിക്ക് കാരണം.

**മാതാപിതാക്കൾ ഉത്തരവാദിത്തം നിറവേറ്റുക**

**ലഹരി: ഒടുങ്ങാതിരിക്കാൻ തുടങ്ങാതിരിക്കാം**

**വലിപ്പം കൂടിയ റമദാൻ ഹിലാൽ; ചില അബദ്ധ ധാരണകൾ**


വിജ്ഞാന വെളിച്ചവുമായി
വിവിധ പ്രഭാഷകരുടെ ജുമുഅ ഖുതുബകൾ...
മനോഹരമായ ഇസ്ലാമിക ഗാനങ്ങൾ
ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ
ദിക്റുകളും പ്രാർത്ഥനകളും വിരൽ തുമ്പിൽ
zameel
the soulmate
വിജ്ഞാനം വർധിപ്പിക്കാൻ ലേഖനങ്ങളും എഴുത്തുകളും
നന്മയിൽ സമയം ചിലവഴിക്കാൻ നിരവധി പുതുമകൾ
Audios
Most viewed
More
ഖുതുബകൾ
ഖുർആൻ
റേഡിയോ
നേർവഴി
ദുറൂസ്
അമാനി
കിഡ്സ്
സംശയങ്ങൾ
Home
Audio
Zameel the Soulmate
The Light
Daily Planner
One min talk
Popular Videos
Popular Audios
Video
Document
Adkaar
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ സ്കാൻ ചെയ്യൂ..!
GET IT ON Google Play
Available on the App Store

0425
# നേർപഥം
വാരിക

2025 മാർച്ച് 15
1446 റമദാൻ 14
പുസ്തകം 09 / ലക്കം 11




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





പി.വി അനിൽ പ്രിംറോസ്

ഏതൊരു അക്രമത്തിന്റെയും നാരായവേര് തേടിപ്പോയാൽ ചെന്നെത്തുന്നത് സിന്തറ്റിക് ലഹരിയുടെ ചാരത്തേക്കാണ്. വ്യക്തിയെ സ്വയം നശിപ്പിക്കുകയും മറ്റുള്ളവരുടെ സ്വസ്ഥജീവിതത്തിന് അലോസരം സൃഷ്ടിക്കുകയും ചെയ്യുന്ന ലഹരി ഇന്ന് കൗമാരക്കാരിലും വ്യാപകമായിരിക്കുന്നു. അവബോധത്തിന്റെ അഭാവവും നിയമത്തിന്റെ പഴുതുകളുമാണ് ആഘാതത്തിന്റെ വ്യാപ്തിക്ക് കാരണം.

**05** മുഖമൊഴി
മാതാപിതാക്കൾ ഉത്തരവാദിത്തം നിറവേറ്റുക

**06** പഠനം
ഈമാൻ നൽകുന്ന നിർഭയത്വം
ശമീർ മദീനി

**16** ചരിത്രപഥം
ഫാത്വിമ ബിൻത് മുഹമ്മദ്(സ്വ)
അബൂഷാദിൽ ജിദ്ദ

**18** ലേഖനം
വലിപ്പം കൂടിയ റമദാൻ ഹിലാൽ; ചില അബദ്ധ ധാരണകൾ
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ജവാബ്
ടോയ്‌ലെറ്റിനുള്ളിൽ വച്ച് വുദൂഅ് ചെയ്യാമോ?
മുജാഹിദ് അൽഹികമി പറവണ്ണ

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുസ്സജദ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ലഹരി: ഒടുങ്ങാതിരിക്കാൻ തുടങ്ങാതിരിക്കാം
റോഷൻ പുനലൂർ

**29** ലേഖനം
ഇതാണ് ക്വുർആൻ
അബ്ദുൽ ജബ്ബാർ അബ്ദുല്ല

**34** കവിത
കാരുണ്യമാസം വരവായി
റഹ്മാൻ മധുരക്കുഴി


NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സൗഹൃദ സംഗമവും ഇഫ്താറും ഹൃദ്യമായി

മലപ്പുറം: മത-രാഷ്ട്രീയ-സാമൂഹ്യ മേഖലകളിലെ പ്രമുഖരായ വ്യക്തിത്വങ്ങളെ ക്ഷണിച്ചുകൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം വുഡ്ബൈൻ ഹോട്ടലിൽ സംഘടിപ്പിച്ച സൗഹൃദ സംഗമവും ഇഫ്ത്വാറും ഹൃദ്യമായി.

കേവലം ഒരു ഒത്തുകൂടൽ എന്നതിനപ്പുറം കാലികമായ ഒട്ടനേകം വിഷയങ്ങളെയും അവയുടെ കാരണങ്ങളെയും പ്രായോഗികമായ പരിഹാരങ്ങളെയും അപഗ്രഥിച്ചുകൊണ്ടാണ് ചർച്ച പൂർത്തീകരിച്ചത് എന്നത് ഏറെ സന്തോഷം നൽകുന്ന ഒന്നായിരുന്നു.

കേരളത്തിൽ വർധിച്ചുവരുന്ന കുറ്റകൃത്യങ്ങളും അവയുടെ വിചിത്രമായ സ്വഭാവങ്ങളും കൃത്യമായി വിലയിരുത്തി പ്രായോഗികമായ പരിഹാരങ്ങളിലേക്കെത്താൻ ആവശ്യമായ നിർദേശങ്ങൾ സംഗമം ചർച്ച ചെയ്തു. പുതുതലമുറക്കിടയിൽ വർധിച്ചുവരുന്ന ലിബറൽ ആശയങ്ങളും, എല്ലാ നഗരങ്ങളിലും നൈറ്റ് ലൈഫിന് വേണ്ടിയുള്ള മുറവിളികളും, ലഹരി ഉപയോഗത്തിന്റെ വമ്പിച്ച വർധനവും, ആർഭാട ജീവിതവും, സിനിമകളിലെ വയലൻസും, വയോധികരോടുള്ള മനോഭാവവുമെല്ലാം ഉയർത്തുന്ന പ്രശ്നങ്ങളെ സംഗമം ഗൗരവകരമായി ചർച്ച ചെയ്തു.

വഖ്ഫ് ബിൽ പാസാകുന്നതോടെ വഖ്ഫിൻെറ അടിത്തറ തന്നെ ഇല്ലാതാകുന്ന സാഹചര്യത്തിൽ, ജനാധിപത്യപരമായ പ്രതിഷേധങ്ങളും ദീർഘവീക്ഷണമുള്ള കർമപദ്ധതികളും ആസൂത്രണം ചെയ്യേണ്ടതുണ്ടെന്ന് സൗഹൃദ സംഗമം വിലയിരുത്തി. വർഗീയതയും ഇസ്‌ലാമോഫോബിയയുമടക്കമുള്ള പ്രശ്നങ്ങളിലൂടെ രാജ്യത്തിന്റെ രാഷ്ട്രീയ-സാമൂഹിക പരിതസ്ഥിതികൾ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുമ്പോൾ, ഇത്തരം സംഗമങ്ങൾ തീർച്ചയായും വലിയ പ്രാധാന്യമർഹിക്കുന്നതാണെന്ന് അതിഥികളായെത്തിയ എല്ലാവരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു.

പ്രതിസന്ധികളുടെ കാർമേഘങ്ങൾ കുമിഞ്ഞുകൂടുമ്പോഴും വിശ്വാസത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും സന്ദേശങ്ങൾ ഉയർത്തുന്ന റമദാൻ വിശ്വാസികൾക്ക് പ്രതീക്ഷയും പ്രത്യാശയുമാണെന്ന് ഇഫ്ത്വാർ സന്ദേശത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ഉപാധ്യക്ഷൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഓർമപ്പെടുത്തി. ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ് ആമുഖ സംസാരം നടത്തി.

മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ സയ്യിദ് സ്വാദിഖ് അലി ശിഹാബ് തങ്ങൾ, എം .എൽ.എ മാരായ പി.കെ കുഞ്ഞാലിക്കുട്ടി, കെ.പി.എ മജീദ്, ഡോ. കെ.ടി ജലീൽ, പി. ഉബൈദുല്ല, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ടി.വി ഇബ്രാഹിം, പി അബ്ദുൽ ഹമീദ്, കോൺഗ്രസ് നേതാക്കളായ അഡ്വ. വി.എസ് ജോയ്, കെ.പി നൗഷാദ് അലി, ആര്യാടൻ ഷൗക്കത്ത്, പി.ടി അജയ് മോഹൻ, ശിഹാബ് പൂക്കോട്ടൂർ (ജമാഅത്തെ ഇസ്‌ലാമി), ഡോ. യു.പി യഹ്യാഖാൻ (മർക്സുദ്ദഅ്വ), ഡോ.പി.പി ഉണ്ണീൻ (എം.എസ്.എസ്), ഷാഫി കൈനിക്കര (എം.ഇ.എസ്), ഡോ. പി.എ കബീർ (അൽമാസ് ഹോസ്പിറ്റൽ), ഹക്കീം കൂട്ടായി, വാർത്താമാധ്യമങ്ങളുടെ പ്രതിനിധികളായി മഹേഷ് കുമാർ (മനോരമ ന്യൂസ്), ഇഖ്ബാൽ കല്ലുങ്ങൽ (ചന്ദ്രിക), ശംസുദ്ദീൻ (മാധ്യമം), ബിജു സി.പി (മാതൃഭൂമി) എന്നിവരും സൗഹൃദ സംഗമത്തിൽ പങ്കെടുത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ഭാരവാഹികളായ ശരീഫ് ഏലാങ്കോട്, സി.പി സലീം, കെ.സജ്ജാദ്, സംസ്ഥാന നിർവാഹക സമിതി അംഗങ്ങൾ, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, ജനറൽ സെക്രട്ടറി ടി. ശമീൽ, മറ്റു സംസ്ഥാന ഭാരവാഹികളും സന്നിഹിതരായി.

# മാതാപിതാക്കൾ ഉത്തരവാദിത്തം നിറവേറ്റുക

തന്റെ കാര്യത്തിൽ മാത്രമല്ല; താൻ ഉൾപെടുന്ന കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും പുരോഗതിയുണ്ടാകണമെന്ന് എല്ലാ പൗരൻമാരും ആഗ്രഹിക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ കാര്യം ശ്രദ്ധിക്കുന്നത് മനുഷ്യന്റെ ഈ സംസ്കാരബോധം കൊണ്ടാണ്. ചെറുപ്രായം മുതൽ നല്ലശീലങ്ങളും ഗുണങ്ങളും പഠിച്ചുവളർന്ന് അത് ജീവിതത്തിൽ നിരന്തരം ശീലിച്ചു പോന്നാൽ അയാൾ ഭാവിയിൽ ഒരു ഉത്തമ പൗരനായി കുടുംബത്തിനും രാജ്യത്തിനും മാർഗദീപമാകുമെന്നതിൽ സംശയമില്ല. പക്ഷേ, മാതാപിതാക്കളും അധ്യാപകരും സമൂഹംതന്നെയും കുട്ടികൾക്ക് മാതൃകയാകണം. ഇന്ന് ഇളംതലമുറയിൽ കാണുന്ന മൂല്യച്യുതിയുടെ കാരണങ്ങളിൽ ഒന്ന് നല്ല മാതൃകയുടെ ജീവിക്കുന്ന തെളിവിന്റെ അഭാവമാണെന്ന് കണ്ടെത്താൻ പ്രയാസമില്ല.

മൂല്യബോധം പകർന്നു നൽകൽ കുടുംബത്തിൽനിന്ന് തുടങ്ങണം. മാതാപിതാക്കൾ ആദ്യം മക്കൾക്ക് അനുകരണീയ മാതൃകകളാകണം. എന്നിട്ട് മക്കൾക്ക് നല്ല ശീലങ്ങൾ പഠിപ്പിക്കണം. നിർബന്ധപൂർവം അത് അനുസരിപ്പിക്കുകയും വേണം.

വിദ്യാലയങ്ങൾ അധർമത്തിന്റെ വിളനിലങ്ങളാകുന്ന ശോചനീയമായ അവസ്ഥയാണ് വർത്തമാന കാലത്ത് നാം കണ്ടുകൊണ്ടിരിക്കുന്നത്. അച്ചടക്കരാഹിത്യം എവിടെയും കാണാം. ക്ലാസിൽ കൃത്യസമയത്ത് ഹാജറാകാതിരിക്കുക, അധ്യാപകരെ അനുസരിക്കാതിരിക്കുക, പാഠങ്ങൾ പഠിക്കാതിരിക്കുക, പരീക്ഷക്ക് കോപ്പിയടിക്കുക തുടങ്ങിയവ സ്ഥിരം പരിപാടികളാണ്. എന്തെങ്കിലും അച്ചടക്ക നടപടികളെടുത്താൽ പിന്നെ സമരമായി. സമരത്തിന്റെ മറവിൽ എന്ത് അധമകൃത്യവും ചെയ്യാൻ അവർ മടിക്കുകയില്ല. പൊതുമുതൽ നശിപ്പിക്കുന്ന അക്രമണോൽസുക കൂട്ടമായി അവർ മാറുന്നു. ലഹരി ഉപയോഗിക്കുകയും അതിന്റെ വിൽപനക്കാരായി മാറുകയും ചെയ്യുന്നു. ആൺകുട്ടികളും പെൺകുട്ടികളും ധാർമികതയുടെ സകല സീമകളും ലംഘിച്ച് ഇടപഴകുന്നു. റാഗിംഗ് എന്ന ഓമനപ്പേരിട്ട് അതിക്രൂരമായ മർദനവും കൊലപാതകവുമടക്കം ചെയ്യാൻ അവർ ധൃഷ്ടരാകുന്നു. ഇതിന്റെയെല്ലാം ഉത്തരവാദിത്തത്തിൽനിന്ന് ഭരണകൂടത്തിനും നീതിപീഠങ്ങൾക്കും രക്ഷിതാക്കൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ഒഴിഞ്ഞുമാറാൻ സാധ്യമല്ല. അധ്യാപകർക്ക് കുട്ടികളെ നല്ലത് ഉപദേശിക്കാനോ ആവശ്യമെങ്കിൽ ശിക്ഷ നൽകാനോ അവകാശമില്ലാതാക്കിയത് ആരാണ്? കുട്ടികളെ ചെറുതായൊന്ന് ശിക്ഷിച്ചാൽ പോലും കേസ് കൊടുത്ത് അധ്യാപകരോട് പക വീട്ടുന്നത് ആരാണ്? എന്ത് അതിക്രമം കാണിച്ചാലും അതിനെല്ലാം പിന്നിൽനിന്നും മുന്നിൽനിന്നും പിന്തുണ നൽകുന്നത് ആരാണ്?

കുട്ടികൾ വളരുന്നതോടുകൂടി സൽസ്വഭാവങ്ങളും പെരുമാറ്റരീതികളും മാറിമറിയാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. മറ്റുള്ളവരോട് സ്നേഹവും കരുണയും അവർ കാണിക്കണം. അന്യർക്ക് വേണ്ടി ത്യാഗം സഹിക്കാൻ മടികാണിക്കരുത്. ഇതൊന്നും ഇന്ന് വിദ്യാലയങ്ങളിൽനിന്ന് ലഭിക്കുന്നില്ല. അതിന്റെയൊന്നും ആവശ്യമില്ല എന്നാണല്ലോ ന്യൂജെൻ തിയറി. സദാചാരമെന്ന വാക്കിനോടുതന്നെ പുച്ഛമുള്ളവരായി അവരെ മാറ്റാനാണല്ലോ ലിബറലിസത്തിന്റെ വക്താക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതാണല്ലോ വിദ്യാലയങ്ങളിൽനിന്നും അവർക്ക് ലഭിക്കുന്നതും!

ഈ പരിതസ്ഥിതിയിൽ നല്ലവരായി മുന്നോട്ട് പോകൽ വളരെ പ്രയാസകരം തന്നെയാണ്. തിന്മകൾക്കെതിരിൽ, നന്മയിൽ മുന്നേറാൻ കഴിയണമെങ്കിൽ കണിശമായ മതബോധം അനിവാര്യമാണ്. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിലുള്ള ഭീകരപ്രവർത്തനങ്ങളെ നിരാകരിക്കുവാനും മൂല്യനിബദ്ധമായ ജീവിതം നയിക്കുവാനും യഥാർഥ മതവിശ്വാസിക്ക് കഴിയുമെന്നതിൽ സംശയമില്ല. മക്കളുടെ കാര്യത്തിൽ മാതാപിതാക്കൾ തന്നെ ശ്രദ്ധ പുലർത്തി ഉത്തരവാദിത്തം നിറവേറ്റുക. ■

ശമീർ മദീനി
: 9048 221 212



# ഈമാൻ നൽകുന്ന നിർഭയത്വം

“വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും  ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ” (ക്വുർആൻ 6/82).

ജീവിതത്തിൽ പലതരത്തിലുള്ള പ്രയാസങ്ങളും പ്രതിസന്ധികളും എല്ലാ മനുഷ്യരും ഏറെക്കുറെ അഭിമുഖീകരിക്കാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ അഥവാ നമ്മുടെ മുന്നിൽ വന്നുചേരുന്ന പ്രതിസന്ധികളുടെ നടുക്കയത്തിൽ ഭയമില്ലാതിരിക്കുവാൻ കഴിയുക എന്നത് ഏറ്റവും വലിയ നേട്ടവും ഒരു സത്യവിശ്വാസിയുടെ പ്രത്യേകതയുമാണ്. യഥാർഥ ഈമാനും തവക്കുലും നൽകുന്ന വലിയ കരുത്തും നിർഭയത്വവുമാണത്. നമുക്ക് ബാധിച്ചിരിക്കുന്ന മാരകമായ രോഗത്തെ സംബന്ധിച്ച് അറിയുമ്പോൾ, അതല്ലെങ്കിൽ നാം അകപ്പെട്ടിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയുടെ ആഴം നമുക്ക് ബോധ്യപ്പെടുമ്പോൾ, അതുമല്ലെങ്കിൽ ശത്രുക്കൾ നമ്മെ നശിപ്പിക്കുവാൻ തന്ത്രങ്ങൾ

ജീവിതത്തിൽ പലതരത്തിലുള്ള പ്രയാസങ്ങളും പ്രതിസന്ധികളും എല്ലാ മനുഷ്യരും ഏറെക്കുറെ അഭിമുഖീകരി ക്കാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ അഥവാ നമ്മുടെ മുന്നിൽ വന്നു ചേരുന്ന പ്രതിസന്ധികളുടെ നടുക്ക യത്തിൽ ഭയമില്ലാതിരിക്കുവാൻ കഴിയുക എന്നത് ഏറ്റവും വലിയ നേട്ടവും ഒരു സത്യവിശ്വാസിയുടെ പ്രത്യേകതയുമാണ്. യഥാർഥ ഈമാനും തവക്കുലും നൽകുന്ന വലിയ കരുത്തും നിർഭയത്വവുമാണത്.

ആവിഷ്കരിക്കുന്നത് നേരിട്ട് ബോധ്യപ്പെടുമ്പോൾ... ഇത്തരത്തിലുള്ള ഏത് പ്രതിസന്ധികളിലും മിക്ക മനുഷ്യരും പതറിപ്പോകും. പലരും മനസ്സുമടുത്ത് ജീവിതം തന്നെ അവസാനിപ്പിക്കാൻ ചിന്തിച്ചുപോകും. എന്നാൽ യഥാർഥ വിശ്വാസി അങ്ങനെയായിരിക്കില്ല. അവന് അവന്റെ ഈമാൻ നൽകുന്ന നിർഭയത്വം പ്രതിസന്ധികളെ അതിജീവിക്കാൻ സഹായിക്കും.

ഇതിന് നിരവധി ഉദാഹരണങ്ങൾ വിശുദ്ധ ക്വുർആൻ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. മഹാനായ മൂസാ നബി(അ) ക്ക് ഫിർഔനിന്റെ സ്വേച്ഛാധിപത്യ ഭരണത്തിനു കീഴിൽ ഒരു വിശ്വാസിയായി, ലോകരക്ഷിതാവിന്റെ സത്യദൂതനായി ജീവിക്കുമ്പോൾ നിരവധി പീഡനങ്ങളും പ്രയാസങ്ങളും പരിഹാസങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. അവസാനം അദ്ദേഹവും അദ്ദേഹത്തിൽ വിശ്വസിച്ചവരും കൂടി നാടുവിടാൻ തീരുമാനിച്ചപ്പോൾ ആ വിവരമറിഞ്ഞ് അവരെ നിഷ്കാസനം ചെയ്യാൻ സർവവിധ സന്നാഹങ്ങളുമായി ഫിർഔനും സൈന്യവും അവരെ പിന്തുടർന്നു. അവസാനം മൂസാ നബി(അ)യുടെ മുന്നിൽ വിശാലമായി പരന്നുകിടക്കുന്ന ചെങ്കടലും പിന്നിൽ സർവവിധ സന്നാഹങ്ങളോടും കൂടി വന്ന ശത്രുസൈന്യവും! എന്തു ചെയ്യണമെന്നറിയാതെ പതറിപ്പോകുന്ന ഘട്ടത്തിൽ മൂസാ നബി(അ) ദൃഢവിശ്വാസത്തോടെ പറഞ്ഞു: “ഇല്ല, എന്റെ കൂടെ എന്റെ രക്ഷിതാവുണ്ട്; അവൻ എനിക്ക് വഴി കാണിക്കും” (26:62).

മുഹമ്മദ് നബി(സ)യും അബൂബക്ർ സ്വിദ്ദീഖും(റ) ശത്രുക്കളുടെ ശല്യം സഹിക്കവയ്യാതെ സ്വദേശമായ മക്കയിൽനിന്ന് പലായനം ചെയ്യാൻ തീരുമാനിക്കുന്നു. ഈ വിവരമറിഞ്ഞ ശത്രുക്കൾ അവരെ പിടികൂടാൻ വേണ്ടി പാരിതോഷികം പ്രഖ്യാപിക്കുന്നു. ജീവനോടെയാണെങ്കിലും ജീവനറ്റ നിലയിലാണെങ്കിലും മുഹമ്മദിനെ പിടിച്ചുകൊണ്ടു വരുന്നവർക്ക് 100 ഒട്ടകമാണ് പ്രമാണിമാർ പാരിതോഷികമായി പ്രഖ്യാപിച്ചത്. മുഹമ്മദ് നബി(സ)യും ഉറ്റ അനുചരൻ അബൂബക്റും(റ) സൗർ ഗുഹയിൽ ഒളിച്ചിരിക്കുമ്പോൾ അതിന്റെ മുകളിൽ ശത്രുക്കൾ മൂർച്ചയുള്ള വാളുമായി ഇവരെ പരതുന്ന രംഗം അബൂക്ർ(റ) നേരിട്ട് കാണുകയും കണ്ടമാത്രയിൽ സങ്കടപ്പെട്ട് കരയുകയും ചെയ്തു. തന്റെ ജീവൻ നഷ്ടപ്പെടുമോ എന്ന ഭയമല്ല, പ്രവാചകനെന്ത് സംഭവിക്കും എന്ന ചിന്തയായിരുന്നു അദ്ദേഹത്തെ സങ്കടപ്പെടുത്തിയത്. ആ സന്ദർഭത്തിൽ പ്രവാചകൻ(സ) പറഞ്ഞു: “അബൂബക്ർ, താങ്കൾ എന്തിന് സങ്കടപ്പെടണം? തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്.”

അല്ലാഹു ഈ രംഗം ക്വുർആനിൽ പറയുന്നത് കാണുക:”നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെ ങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ

രണ്ടുപേരും (നബിയും അബൂബക്റും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (9:40).

ഇതുപോലെ അല്ലാഹുവിന്റെ സാമീപ്യം അനുഭവിച്ചറിയാനും അതൊരു വികാരമായി പ്രഖ്യാപിക്കുവാനും സാധിക്കുന്ന തലത്തിലേക്ക് നമ്മുടെ ഈമാനും തവക്കുലും ഉയരുമ്പോഴാണ് യഥാർഥ നിർഭയത്വവും സമാധാനവും നമുക്ക് ഈ ലോകത്തുതന്നെ അനുഭവിക്കുവാൻ സാധിക്കുക.

ക്വുർആൻ വിവരിക്കുന്ന മറ്റൊരു ചരിത്രമാണ് യൂനുസ് നബി(അ) യുടെത്. അദ്ദേഹം ആഴക്കടലിൽ മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ടപ്പോൾ, മറ്റാർക്കും സഹായിക്കാനാകാത്ത ആ കൂരാക്കൂരിരുട്ടിൽ കിടന്നുകൊണ്ട് അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് ആത്മാർഥമായി അവനോട് പ്രാർഥിച്ച രംഗം ക്വുർആൻ പറഞ്ഞുതരുന്നുണ്ട്.

"അങ്ങനെ അദ്ദേഹം ആക്ഷേപത്തിന് അർഹനായിരിക്കെ ആ വൻ മത്സ്യം അദ്ദേഹത്തെ വിഴുങ്ങി. എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ലെങ്കിൽ ജനങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ അതിന്റെ വയറ്റിൽ തന്നെ അദ്ദേഹത്തിന് കഴിഞ്ഞ് കൂടേണ്ടി വരുമായിരുന്നു" (37:142-144).

"...അനന്തരം ഇരുട്ടുകൾക്കുള്ളിൽനിന്ന്



അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു" (21:87).

ഇതുപോലെ ജീവിതത്തിൽ അബദ്ധങ്ങളും പിഴവുകളും സംഭവിച്ച ഘട്ടത്തിലാണെങ്കിലും പടച്ചവനിലേക്ക് തിരിച്ചു നടക്കുവാനും അവനെ ആശ്രയമായി കാണുവാനും അവനിൽ അഭയം തേടുവാനും ഒരു വിശ്വാസിക്ക് സാധിക്കുമ്പോഴാണ് അവന്റെ ഈമാൻ പ്രശോഭിതമാകുന്നത്.

മഹാനായ ഇബ്റാഹീം നബി(അ) യെ ശത്രുക്കൾ തീക്കുണ്ഡാരത്തിലേക്ക് വലിച്ചെറിയാൻ വേണ്ടി ബന്ധനസ്ഥനാക്കി നിറുത്തിയ രംഗം ഒന്നാലോചിച്ചു നോക്കൂ! അപ്പോഴും പതറാതെ, നിർഭയനായി അദ്ദേഹം പ്രഖ്യാപിച്ചത് 'എനിക്ക് അല്ലാഹു മതി. കാര്യങ്ങൾ ഏൽപിക്കാൻ എത്രയോ പര്യാപ്തനാണവൻ' എന്നാണ്.

അവിടെയും അല്ലാഹുവിന്റെ ഇടപെടൽ നാം കാണുകയാണ്. ആ തീകുണ്ഡാരത്തിൽ കത്തിയമരുന്ന ഇബ്റാഹീമെന്ന ചെറുപ്പക്കാരനെ കാണാനായി നോക്കിനിന്ന ആളുകൾക്ക് അവരുടെ കണ്ണുകളെ വിശ്വസിക്കുവാൻ കഴിയാത്തവിധത്തിൽ വളരെ അത്ഭുതകരമായ സംഭവമാണവിടെ നടന്നത്. സന്തോഷത്തോടെ

നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും കടന്നുവരുമ്പോൾ സർവശക്തനും കരുണാവാരിധിയുമായ അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുവാനും അവനാണ് അഭയം എന്ന് തിരിച്ചറിയാനും അവൻ നിശ്ചയിക്കുന്നതല്ലാത്ത ഒന്നും സംഭവിക്കുകയില്ല എന്ന് ഉറക്കെ പ്രഖ്യാപിക്കുവാനും നമുക്ക് കഴിയണം.

നിർഭയനായി എഴുന്നേറ്റു വരുന്ന ഇബ്റാഹീം നബി(അ)! വിശ്വാസികൾക്ക് വിശ്വാസത്തിന്റെ കരുത്തും തവക്കുലിന്റെ പാഠവുമൊക്കെയാണ് ആ ചരിത്രവും സമ്മാനിക്കുന്നത്.

“അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക” (21: 68,69).

നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും കടന്നുവരുമ്പോൾ സർവശക്തനും കരുണാവാരിധിയുമായ അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുവാനും അവനാണ് അഭയം എന്ന് തിരിച്ചറിയാനും അവൻ നിശ്ചയിക്കുന്നതല്ലാത്ത ഒന്നും സംഭവിക്കുകയില്ല എന്ന് ഉറക്കെ പ്രഖ്യാപിക്കുവാനും നമുക്ക് കഴിയണം. ക്വുർആൻ പറയുന്നു:

“പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്” (9:51).

നമ്മുടെ മനസ്സിൽ പലപ്പോഴും കടന്നുവരാറുള്ള ഒരു ചിന്തയാണ് ‘ഞാൻ പടച്ചവന്റെ വിധിവിലക്കുകൾ പരമാവധി സൂക്ഷിക്കുകയും അവൻ ഇഷ്ടപ്പെടാത്ത ഒന്നിലേക്കും അറിഞ്ഞുകൊണ്ട് പോകാതെ പിന്മാറി നിൽക്കുകയും ചെയ്യുന്നവനാണ്, എന്നിട്ടും എന്താണ് ഇങ്ങനെ എനിക്ക് പ്രയാസങ്ങളും കഷ്ടതകളും തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്നത്’ എന്നത്. സത്യത്തിൽ ഇത്തരം ഒരു ചിന്ത മനസ്സിൽ വരുമ്പോൾ നാം തിരിച്ചറിയേണ്ടത് പടച്ചവൻ അതിലൊക്കെ നമുക്കറിയാത്ത പല നന്മകളും ഒളിപ്പിച്ചു വെച്ചിട്ടുണ്ടാകും എന്നാണ്.

നാം ആഗ്രഹിച്ചത് നടക്കാതിരിക്കുമ്പോഴും നാം ഭയപ്പെട്ടത് സംഭവിക്കുമ്പോഴുമെല്ലാം ക്വുർആൻ പറഞ്ഞ ഈ കാര്യം നമുക്ക് ഓർമയിൽ വരണം:

“...എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമാ യിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല” (2:216).

ഒരുപക്ഷേ, അതിലുള്ള ഗുണങ്ങളും നന്മകളും കുറച്ചു വൈകിയായിരിക്കാം നമുക്ക് ബോധ്യപ്പെടുക എന്ന് മാത്രം. അല്ലാഹു ഏറെ കാരുണ്യവാനാണ്, അവൻ ഒരിക്കലും നമ്മെ കഷ്ടപ്പെടുത്തുകയില്ല എന്ന് തിരിച്ചറിയാൻ സാധിക്കുമ്പോൾ അല്ലാഹുവിലേക്ക് കൂടുതൽ കൂടുതൽ ആത്മാർഥമായി അടുക്കുവാനും അവനെ അഭയവും ആശ്രയവുമായി കാണുവാനും എല്ലാ പ്രശ്നങ്ങളും പ്രതിസന്ധികളും അവന്റെ മുന്നിൽ ഇറക്കിവെച്ച് പരിപൂർണ നിർഭയനാകുവാനും ഒരു വിശ്വാസിക്ക് സാധിക്കും. മതത്തെയും ദൈവത്തെയുമൊക്കെ ജീവിതത്തിൽനിന്ന് വലിച്ചെറിഞ്ഞ യുക്തിവാദികൾക്കും നിരീശ്വരവാദികൾക്കുമൊന്നും ഇതിന്റെ സൗന്ദര്യവും സുഗന്ധവും മാധുര്യവും നുകരാൻ കഴിഞ്ഞു കൊള്ളണമെന്നില്ല. ■

പി.വി അനിൽ പ്രിംറോസ്
: 9895881178



> ഏതൊരു അക്രമത്തിന്റെയും നാരായവേര് തേടിപ്പോയാൽ ചെന്നെത്തുന്നത് സിന്തറ്റിക് ലഹരിയുടെ ചാരത്തേക്കാണ്. വ്യക്തിയെ സ്വയം നശിപ്പിക്കുകയും മറ്റുള്ളവരുടെ സ്വസ്ഥജീവിതത്തിന് അലോസരം സൃഷ്ടിക്കുകയും ചെയ്യുന്ന ലഹരി ഇന്ന് കൗമാരക്കാരിലും വ്യാപകമായിരിക്കുന്നു. അവബോധത്തിന്റെ അഭാവവും നിയമത്തിന്റെ പഴുതുകളുമാണ് ആഘാതത്തിന്റെ വ്യാപ്തിക്ക് കാരണം.

‘സുരേശാ,
പുതിയ ചെല പുള്ളമ്മാര്ടെ പോക്ക് കാണ് മ്പോ എനക്ക്
വല്ലാണ്ട് പേട്യാവ്ന്ന്ണ്ട്.
ഇന്നലെ ഒര്ത്തൻ വണ്ടിക്ക് ചാടിച്ചത്തു.
മിനിഞ്ഞാന്ന് ഒര്ത്തി ഒര് കാരണവുമില്ലാതെ തൂങ്ങിച്ചത്തു.
കഴിഞ്ഞാഴ്ച ഒരുത്തിയെ ഒര്ത്തൻ വീട്ടിക്കയറി വെട്ടിക്കൊന്നു.
മര്ന്നടിച്ച് ബൈക്കോടിച്ച്
നട്റോട്ടിൽച്ചിതറിപ്പോയി വേറൊരുത്തൻ.’
‘മുമ്പൊക്കെ
കലയായിരുന്നു മ്മക്ക് ലഹരി,
പുകയിലയായിരുന്നില്ല.
പദ്യം ചൊല്ലലായിരുന്നു ലഹരി,
മദ്യം ചെല്ലലായിരുന്നില്ല.
കുഞ്ചൻ നമ്പ്യാരായിരുന്നു ലഹരി,
കഞ്ചാവായിരുന്നില്ല.
എം.ടിയായിരുന്നു ലഹരി,
എം.ഡി.എം.എയായിരുന്നില്ല.
മയക്കോവ്സ്ക്കിയായിരുന്നു ലഹരി,
മയക്കുമരുന്നും വിസ്കിയുമായിരുന്നില്ല.
ചങ്ങമ്പുഴയും
ചങ്ങാതിമാരുമായിരുന്നു ലഹരി,
ചരസ്സും ചാരായവുമായിരുന്നില്ല.’
(പോയത്തക്കാരുടെ പോയട്രി, സോമൻ കടലൂർ)



# ലഹരി, ആക്രമണം, കൊലപാതകം! കേരളത്തിലെ കൗമാരത്തിന് എന്തു പറ്റി?

**ആമുഖം**

പ്രകൃതി സൗന്ദര്യവും ഉയർന്ന സാക്ഷരതാ നിരക്കും കൊണ്ട് ലോകപ്രശസ്തമായ നാടാണ് കേരളം. പക്ഷേ, അടുത്ത കാലത്ത് കേൾക്കുന്ന വാർത്തകളൊന്നും അത്ര ശുഭോദർക്കമല്ല- കൗമാരക്കാരിലും കുട്ടികളിലും കൊലപാതക പ്രവണതകളും അക്രമവാസനകളും വർധിച്ചു വരുന്നു. ലഹരി അവരെ മുച്ചൂടും മുടിച്ചിരിക്കുന്നു. സമൂഹത്തിൽ ആപാദചൂഢം ആശങ്കയും ഭയവും ഗ്രസിച്ചിരിക്കുന്നു. പ്രശ്നത്തിന്റെ വ്യാപ്തി വിശകലനം ചെയ്ത്, വസ്തുതാപരമായ കണക്കുകളും വാർത്തകളും അവലംബിച്ച് ഇതിന്റെ കാരണങ്ങളും പരിഹാര മാർഗങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. കേരളത്തിന്റെ സാമൂഹിക ഘടനയിൽ ഈ പ്രവണത എങ്ങനെ പ്രതിഫലിക്കുന്നുവെന്നും ഇതിനെ നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നും ഗൗരവപരമായി ആലോചിക്കേണ്ടതുണ്ട്.

**കുറ്റകൃത്യങ്ങളുടെ കണക്കുകൾ**

കേരളത്തിൽ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതായുള്ളഔദ്യോഗിക കണക്കുകൾ താഴെ പറയുന്ന പ്രകാരമാണ്: 2018ൽ ജയിലുകളിലെ അന്തേവാസികളുടെ എണ്ണം ഏകദേശം 7,500 ആയിരുന്നുവെങ്കിൽ, 2023-ഓടെ അത് 10,589 ആയി ഉയർന്നു. 2023ൽ കേരള പോലീസ് രജിസ്റ്റർ ചെയ്ത മൊത്തം 5,87,000 കേസുകളിൽ 1,04,493 എണ്ണം ലഹരി-അബ്കാരി കേസുകളാണ്, അതായത് മൊത്തം കേസുകളുടെ അഞ്ചിലൊന്നോളം. മൂന്ന് വർഷത്തിനിടെ ലഹരി സംബന്ധമായ കേസുകൾ ആറിരട്ടിയായി വർധിച്ചു- 2020ൽ 17,000ൽ താഴെ കേസുകൾ ഉണ്ടായിരുന്നത് 2023ൽ 1,04,493 ആയി ഉയർന്നു.

ഈ കണക്കുകൾ കേരളത്തിൽ കുറ്റകൃത്യങ്ങളുടെ വർധനവിനെ മാത്രമല്ല, പ്രത്യേകിച്ച് ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ആഴത്തെയും വ്യക്തമാക്കുന്നു.

ലഭ്യമായ, 2022ലെ NCRB ഡാറ്റ പ്രകാരം കൗമാരക്കാരിലെ കുറ്റകൃത്യങ്ങളുടെ കണക്ക് താഴെ പറയുന്ന പ്രകാരമാണ്:

| | |
|---|---|
| മൊത്തം ജുവനൈൽ കുറ്റകൃത്യങ്ങൾ | 443 |
| IPC കുറ്റകൃത്യങ്ങൾ | 328 |
| കൊലപാതക ശ്രമം | 7 |
| പരിക്കേൽപിക്കൽ | 44 |
| കിഡ്നാപ്പിംഗ് | 11 |
| ലൈംഗിക അതിക്രമം | 17 |
| SLL കുറ്റകൃത്യങ്ങൾ | 115 |
| POCSO ആക്ട് | 104 |

കൗമാരക്കാരുടെയും കുട്ടികളുടെയും പങ്കാളിത്തത്തെ കു

റിച്ചുള്ള പുതിയ കണക്കുകൾ ലഭ്യമല്ലെങ്കിലും വൻതോതിൽ കൂടിയതായി വാർത്തകളിലൂടെ നമുക്ക് ബോധ്യപ്പെടും. ലഹരി ഉപയോഗവും അക്രമവും തമ്മിലുള്ള ബന്ധമാണ് യുവാക്കളുടെ പങ്കാളിത്തം വർധിക്കുന്നതിന് കാരണമായി അനുമാനിക്കാൻ കഴിയുന്നത്. മാത്രമല്ല, കേരള പോലീസിന്റെ റിപ്പോർട്ടുകൾ പ്രകാരം മൊത്തം കൊലപാതകങ്ങളുടെ എണ്ണത്തിൽ കൗമാരക്കാർ ഉൾപ്പെടുന്ന അക്രമ സംഭവങ്ങൾ ഗണ്യമായി വർധിച്ചിട്ടുണ്ട്.

**ലഹരിവസ്തുക്കളുടെ ഉപയോഗവും ആഘാതവും**

കേരളത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം, പ്രത്യേകിച്ച് എം.ഡി.എം.എ (MDMA), മെത്താംഫെറ്റാമിൻ, കൊക്കെയ്ൻ തുടങ്ങിയ രാസലഹരിവസ്തുക്കൾ കൗമാരക്കാരിലും യുവാക്കളിലും വർധിച്ചുവരികയാണ്. ഈ ലഹരിവസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തുന്നതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. ലഹരിവസ്തുക്കൾ തലച്ചോറിന്റെ പ്രവർത്തനത്തെ ബാധിക്കുകയും വ്യക്തികളുടെ പെരുമാറ്റത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന്, എം.ഡി.എം.എ പോലുള്ള ലഹരിവസ്തുക്കൾ, അമിതമായ ആക്രമണോത്സുകത, ഭയത്തിന്റെ അഭാവം, നിയന്ത്രണം നഷ്ടപ്പെടൽ എന്നിവയ്ക്ക് കാരണമാകാറുണ്ട് എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

കൗമാരക്കാരിൽ ലഹരി ഉപയോഗം വർധിക്കുന്നത് അവരുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. ഇത് അവരെ പഠനത്തിൽ പിന്നാക്കം വലിക്കുകയും കുടുംബബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കുകയും അക്രമാസക്തമായ പെരുമാറ്റത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. കേരളത്തിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെടുന്നവരിൽ ഗണ്യമായ ശതമാനം 15-25 വയസ്സിനിടയിലുള്ളവരാണ് എന്നത് ഈ പ്രശ്നത്തിന്റെ ആഴം വ്യക്തമാക്കുന്നു. ലഹരി ഉപയോഗവും അക്രമവും തമ്മിലുള്ള ബന്ധം ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചതാണ്. ഇത് കേരളത്തിലെ കൗമാരക്കാരിലെ അക്രമണ പ്രവണതക്ക് പ്രധാന കാരണമായി കണക്കാക്കപ്പെടുന്നു.

**2025ൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന സംഭവങ്ങൾ**

പുതുവർഷത്തിൽ ഏതാനും മാസങ്ങൾ പിന്നിടുമ്പോൾ മാത്രം വന്ന പ്രധാനപ്പെട്ട അക്രമ സംഭവങ്ങളുടെ റിപ്പോർട്ടുകൾ ശ്രദ്ധിക്കൂ:

*1. കൊച്ചിയിലെ ബുള്ളിയിംഗ് മൂലമുള്ള ആത്മഹത്യ:* 2025 ജനുവരിയിൽ കൊച്ചിയിൽ 15 വയസ്സുള്ള മിഹിർ അഹമ്മദ് എന്ന വിദ്യാർഥി സഹപാഠികളുടെ നിരന്തരമായ ഭീഷണി നിമിത്തം ആത്മഹത്യ ചെയ്തു. ഉമ്മയുടെ വെളിപ്പെടുത്തലനുസരിച്ച്, മിഹിറിനെ ശുചിമുറിയിലെ ക്ലോസറ്റിൽ തല മുക്കുകയും അവിടെനിന്ന് വെള്ളം കുടിപ്പിക്കാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു. സ്കൂൾ അധികൃതർ ഈ ബുള്ളിയിംഗിനെതിരെ കടുത്ത നടപടി എടുക്കാത്തതും ആത്മഹത്യക്ക് ശേഷവും ആക്രമണം തുടർന്നതും വലിയ വിവാദമായി.

*2. തിരുവനന്തപുരത്ത് ബസ്സിനുള്ളിൽ വിദ്യാർഥിയെ കുത്തിയ സംഭവം:* 2025 ജനുവരിയിൽ തിരുവനന്തപുരത്ത് പ്ലസ് വൺ വിദ്യാർഥി സ്കൂൾ ബസ്സിനുള്ളിൽ വച്ച് ജൂനിയർ വിദ്യാർഥിയെ കത്തി ഉപയോഗിച്ച് കുത്തി പരിക്കേൽപിച്ചു. സ്കൂളിലെ ഒരു വാക്കേറ്റമാണ് ഈ ആക്രമണത്തിന് കാരണമായത്.

കൗമാരക്കാരിൽ ലഹരി ഉപയോഗം വർധിക്കുന്നത് അവരുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. ഇത് അവരെ പഠനത്തിൽ പിന്നാക്കം വലിക്കുകയും കുടുംബബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കുകയും അക്രമാസക്തമായ പെരുമാറ്റത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. കേരളത്തിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെടുന്നവരിൽ ഗണ്യമായ ശതമാനം 15-25 വയസ്സിനിടയിലുള്ളവരാണ് എന്നത് ഈ പ്രശ്നത്തിന്റെ ആഴം വ്യക്തമാക്കുന്നു. ലഹരി ഉപയോഗവും അക്രമവും തമ്മിലുള്ള ബന്ധം ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചതാണ്

*3. താമരശ്ശേരിയിലെ മുഹമ്മദ് ഷഹബാസിന്റെ കൊലപാതകം:* 2025 ഫെബ്രുവരിയിൽ കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ പത്താം ക്ലാസ്സ് വിദ്യാർഥിയായ മുഹമ്മദ് ഷഹബാസ് എന്ന 15 വയസ്സുകാരനെ സഹപാഠികൾ ക്രൂരമായി കൊലപ്പെടുത്തിയത് കേരളത്തെ ഞെട്ടിച്ച സംഭവമാണ്. ഒരു ട്യൂഷൻ സെന്ററിലെ വിടവാങ്ങൽ പരിപാടിക്കിടെ ഉണ്ടായ വാക്കേറ്റം വലിയ സംഘർഷത്തിലേക്ക് വഴിവയ്ക്കുകയും തെരുവിൽ നടന്ന ഏറ്റുമുട്ടലിൽ ഷഹബാസ് കൊല്ലപ്പെടുകയുമാണ് ചെയ്തത്.

*4. തിരുവനന്തപുരത്ത് അഞ്ച് പേരെ കൊലപ്പെടുത്തിയ 23 വയസ്സുകാരൻ:* 2025 മാർച്ചിൽ തിരുവനന്തപുരത്ത് യുവാവ് തന്റെ സഹോദരനടക്കം നാല് കുടുംബാംഗങ്ങളെയും കാമുകിയെയും ചുറ്റിക ഉപയോഗിച്ച് അടിച്ചുകൊന്ന സംഭവം കേരളത്തിൽ നടന്ന തുല്യതയില്ലാത്ത ക്രൂരതയുടെ നേർസാക്ഷ്യമാണ്.

**കാരണങ്ങൾ ചികയുമ്പോൾ**

കേരളത്തിലെ കൗമാരക്കാരിലും കുട്ടികളിലുമുള്ള അക്രമ വാസനകൾ വർധിക്കുന്നതിന് പിന്നിലുള്ള കാരണങ്ങൾ ചികയുമ്പോൾ നാമെത്തിച്ചേരുന്നത് ഗൗരവപരമായ ചില വസ്തുതയിലേക്കാണ്:

*a) ലഹരിവസ്തുക്കളുടെ ലഭ്യത*

ലഹരിവസ്തുക്കളുടെ പ്രയാസരഹിതമായ ലഭ്യതയും പാർട്ടി സംസ്കാരത്തിന്റെ വളർച്ചയും കൗമാരക്കാരെ ഇതിലേക്ക് ആകർഷിക്കുന്നു.

*b) കുടുംബഘടനയിലെ മാറ്റങ്ങൾ*

ആധുനിക ജീവിതശൈലിയിൽ മാതാപിതാക്കൾ തിരക്കിലായതിനാൽ കുട്ടികളുടെ വൈകാരിക ആവശ്യങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. ഇത് കാലക്രമേണെ കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടുന്നു.



*c) മാധ്യമങ്ങളുടെ സ്വാധീനം*

ടെലിവിഷൻ, സിനിമ, വീഡിയോ ഗെയിമുകൾ എന്നിവയിലൂടെ അക്രമം മഹത്ത്വവത്കരിക്കപ്പെടുന്നത് കുട്ടികളുടെ മനസ്സിൽ അക്രമാസക്തമായ ചിന്തകളെ പ്രോത്സാഹിപ്പിക്കുന്നു.

**പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ**

*a) വ്യക്തിഗത പ്രശ്നങ്ങൾ*

കുട്ടികളുടെ മാനസികാവസ്ഥയിൽ വരുന്ന ഈ മാറ്റങ്ങൾ പഠന സമ്മർദം, സാമൂഹിക അസമത്വം, ഒറ്റപ്പെടൽ എന്നിവയിലേക്ക് നയിക്കുകയും കടുത്ത മാനസിക പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ഇത് പെരുമാറ്റ ദൂഷ്യത്തിലേക്ക് നയിക്കുന്നു.

*b) മാനസികാഘാതം മറ്റുള്ളവരിലേക്കും*

ദുഃശ്ശീലങ്ങൾ സഹപാഠികളിലേക്കും അടുത്തിടപഴകുന്ന മറ്റുള്ളവരിലേക്കും വ്യാപിക്കുന്നു. മറ്റ് കുട്ടികളിലും മാതാപിതാക്കളിലും ഇത്തരം സംഭവങ്ങൾ മാനസിക ആഘാതമുണ്ടാക്കുന്നു, ഇത് അവരുടെ ജീവിത നിലവാരത്തെ ബാധിക്കുകയും ക്രിയാത്മകമല്ലാത്ത ഭാവിയെ രൂപപ്പെടുത്തുകയും ചെയ്യും.

*c) ഭാവി തലമുറയുടെ നഷ്ടം*

അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾ അവരുടെ വിദ്യാഭ്യാസവും ഭാവിയും നഷ്ടപ്പെടുത്തുന്നു. അതുവഴി ക്രിയാത്മകമല്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കുകയും സാമൂഹികമായ വിപത്തിലേക്ക് നാടിനെ

വലിച്ചെറിയുകയും ചെയ്യുന്നു.

*d) സാമൂഹിക ആഘാതം*

കൗമാരക്കാരിലും കുട്ടികളിലും വർധിച്ചുവരുന്ന ഈ അക്രമ പ്രവണതകൾ വ്യക്തികളിൽനിന്ന് തുടങ്ങി സമൂഹത്തിൽ ആഴത്തിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ചുരുങ്ങിയ കാലത്തിനിടയിൽ വന്ന കേരളത്തിന്റെ സാമൂഹിക ഘടനയിൽ വന്ന മാറ്റം ശ്രദ്ധിച്ചാൽ മനസ്സിലാവും.

*e) സുരക്ഷാ ഭീഷണി*

ഇത്തരം സംഭവങ്ങൾ സമൂഹത്തിൽ ഭയത്തിന്റെയും അരക്ഷിതാവസ്ഥയുടെയും അന്തരീക്ഷം സൃഷ്ടിക്കുന്നു. അതുവഴി പരസ്പര വിശ്വാസമില്ലാത്ത കുടുംബകങ്ങൾ സൃഷ്ടിക്കപ്പെടുന്നു. നാടിനും നാട്ടാർക്കും രാജ്യത്തിന് തന്നെയും ഭീഷണിയായി ഇവർ പിന്നീട് മാറുകയും ചെയ്യുന്നു.

**പരിഹാര മാർഗങ്ങൾ**

കേരളത്തിന്റെ സാമൂഹിക ഘടനയെ തന്നെ അടിമുടി ദുർബലപ്പെടുത്തുന്നതിനാൽ അടിയന്തര ഇടപെടൽ ആവശ്യമാണ്. സർക്കാരും അധികാരികളും ഈ പ്രശ്നത്തെ നേരിടാൻ നിലവിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം പൊതുജന പങ്കാളിത്തത്തെയും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിലൂടെ മാത്രമെ ഫലപ്രദമായ പരിഹാരങ്ങൾ ഉയർന്നുവരൂ.

*1. സർക്കാർ തല പരിഹാരങ്ങൾ*

- ലഹരി വിരുദ്ധ പ്രചാരണവും നിയന്ത്രണവും

  'ഓപ്പറേഷൻ ക്ലീൻ' പോലുള്ള പദ്ധതികൾ ശക്തിപ്പെടുത്തി ലഹരിവസ്തുക്കളുടെ വിതരണ ശൃംഖല തകർക്കുക. അതിർത്തി പരിശോധന കർശനമാക്കുക.

- സ്കൂൾ തല പരിപാടികൾ

  'വിമുക്തി' പദ്ധതി വിപുലീകരിച്ച് എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുക.

- ശിക്ഷാ നടപടികൾ

  ലഹരി വിൽപനക്കാർക്ക് കർശന ശിക്ഷ ഉറപ്പാക്കുക, കൗമാരക്കാർക്ക് റിഹാബിലിറ്റേഷൻ സൗകര്യങ്ങൾ നൽകുക.

*2. മാനസികാരോഗ്യ പിന്തുണ വർധിപ്പിക്കൽ*

- കൗൺസിലിംഗ്

  'മനസ്' പദ്ധതി വിപുലീകരിച്ച് എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കുക.

  ഹോട്ട്ലൈൻ സേവനങ്ങൾ

  24 മണിക്കൂറും പ്രവർത്തിക്കുന്ന മാനസികാരോഗ്യ ഹോട്ട്ലൈൻ ആരംഭിക്കുക.

- പരിശീലന പ്രോഗ്രാമുകൾ

  അധ്യാപകർക്കും മാതാപിതാക്കൾക്കും കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ തിരിച്ചറിയാനുള്ള പരിശീലനം നൽകുക.

*3. പരിഹാരം കുടുംബങ്ങളിലേക്ക്*

- കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തൽ

  മാതാപിതാക്കൾക്ക് ബോധപൂർവം കുട്ടികളുമായി കൂടുതൽ സമയം ചെലവഴിക്കാൻ പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

- വർക്ക്ഷോപ്പുകൾ

  കുടുംബങ്ങൾക്കായി പോസിറ്റീവ് പാരന്റിംഗ് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക.

- സാമൂഹിക പിന്തുണ

> ലഹരി ഉപയോഗം, മാനസിക പ്രശ്നങ്ങൾ, കുടുംബ ധ്രുവീകരണം എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. എന്നാൽ, ലഹരി നിയന്ത്രണം, മാനസിക പിന്തുണ, കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തൽ, വിദ്യാഭ്യാസ പരിഷ്കരണം... തുടങ്ങി വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെ ക്രിയാത്മകമായി പരിശ്രമിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നതിന് സംശയമില്ല.

ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് കമ്മ്യൂണിറ്റി പിന്തുണ ശൃംഖലകൾ ഒരുക്കുക.

*4. മാധ്യമങ്ങൾക്ക് നിയന്ത്രണം*

- മാധ്യമ സെൻസർഷിപ്പ്

  അക്രമം മഹത്ത്വവത്കരിക്കുന്ന മാധ്യമ ഉള്ളടക്കങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തുക.

- അവബോധ പരിപാടികൾ

  മാധ്യമ സാക്ഷരതാ ക്ലാസുകൾ സ്കൂളുകളിൽ നടപ്പാക്കുക, കുട്ടികളെ വിമർശനാത്മകമായി ചിന്തിക്കാൻ പഠിപ്പിക്കുക.

- പോസിറ്റീവ് ഉള്ളടക്കം

  സമാധാനവും സഹകരണവും പ്രോത്സാഹിപ്പിക്കുന്ന ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കാൻ മാധ്യമ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലേക്ക് സിസ്‌കഷൻസ് കൊണ്ടുവരിക.



*5. വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റങ്ങൾ*

- പാഠ്യപദ്ധതി പരിഷ്കരിക്കുക

  പഠന സമ്മർദം കുറയ്ക്കാൻ പാഠ്യപദ്ധതി പരിഷ്കരിക്കുക, മൂല്യബോധവും ഉത്തരാവാദിത്വ ചിന്തയും ഉൾക്കൊള്ളുന്ന പാഠങ്ങൾ ഉൾപ്പെടുത്തുക.

- ലൈഫ് സ്കിൽ പരിശീലനം

  സ്കൂളുകളിൽ വൈകാരിക നിയന്ത്രണവും സംഘർഷ പരിഹാരവും പഠിപ്പിക്കുന്ന ക്ലാസുകൾ നടപ്പാക്കുക.

- സേഫ് സ്കൂൾ പദ്ധതി

  സ്കൂളുകളിൽ അക്രമ വിരുദ്ധ അവബോധ പരിപാടികൾ ശക്തിപ്പെടുത്തുക.

*6. നിയമപരമായ ഇടപെടലും പുനരധിവാസവും*

- കൗമാരക്കാർക്കും ശിക്ഷ

  കൗമാരക്കാർക്ക് ശിക്ഷയ്ക്ക് പകരം പുനരധിവാസവും കൗൺസലിംഗും നൽകുന്ന സിസ്റ്റം പുനഃപരിശോധിക്കുക. ആവശ്യസമയങ്ങളിൽ മാതൃകാപരമായ ശിക്ഷയ്ക്ക് വിധേയമാക്കാവുന്ന വിധത്തിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരിക.

- ജുവനൈൽ ജസ്റ്റിസ് ബോർഡ്

  ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി, കുറ്റവാളികളെ നന്നാക്കിയെടുത്ത് സമൂഹത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പദ്ധതികൾ ആവിഷ്കരിക്കുക.

- കമ്യൂണിറ്റി സർവീസ്

  ചെറിയ കുറ്റങ്ങൾ അവഗണിക്കുന്നതിന് പകരം അവർക്ക് പണിഷ്മെന്റായി സാമൂഹിക സേവനം നിർബന്ധമാക്കുക.

*7. സാമൂഹികവും സാമ്പത്തികവുമായ പിന്തുണ*

- സാമ്പത്തിക സഹായം

  കേരളീയ പശ്ചാത്തലത്തിൽ ദാരിദ്ര്യം പലപ്പോഴും തെറ്റിലേക്കുള്ള ചാലകശക്തിയായി മാറിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. അതുകൊണ്ട് തന്നെ സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങൾക്ക് കൃത്യമായ മോണിറ്ററിംഗോടെ ധന സഹായവും തൊഴിൽ അവസരങ്ങളും നൽകുക.

- യുവജന പദ്ധതികൾ

  കൗമാരക്കാർക്ക് ക്രിയാത്മകമായി ഏർപ്പെടാൻ തക്ക കായിക, സാംസ്കാരിക പരിപാടികൾ

സംഘടിപ്പിക്കുക. അതുവഴി മെച്ചപ്പെട്ട കൂട്ടായ്മകൾ രൂപപ്പെടുത്തുക.

- തൊഴിൽ പരിശീലനം

അഭ്യസ്തവിദ്യരും പ്രാപ്തിയുള്ളവരുമായ കൗമാരക്കാർക്ക് തൊഴിൽ പരിശീലന പദ്ധതികൾ ആരംഭിക്കുക.

**ഉപസംഹാരം**

കേരളത്തിലെ കൗമാരക്കാരിലും കുട്ടികളിലും വർധിച്ചുവരുന്ന കൊലപാതക പ്രവണതകളും അക്രമ വാസനകളും കനത്ത സാമൂഹിക വെല്ലുവിളി തന്നെയാണ്. ലഹരി ഉപയോഗം, മാനസിക പ്രശ്നങ്ങൾ, കുടുംബ ധ്രുവീകരണം എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. എന്നാൽ, ലഹരി നിയന്ത്രണം, മാനസിക പിന്തുണ, കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തൽ, വിദ്യാഭ്യാസ പരിഷ്കരണം... തുടങ്ങി വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെ ക്രിയാത്മകമായി പരിശ്രമിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നതിന് സംശയമില്ല.

കേരളത്തിന്റെ സാമൂഹിക മൂല്യങ്ങൾ നിലനിർത്താനും ഭാവിതലമുറയെ സംരക്ഷിക്കാനും, മത-സാമൂഹിക-രാഷ്ട്രീയ-സന്നദ്ധ പ്രവർത്തകരുടെ ഒരുമിച്ചുള്ള ശ്രമം അനിവാര്യമാണ്. അതിലൂടെ മാത്രമെ പുതിയ തലമുറയെയും അതുവഴി ഭാവി കേരളത്തെയും രക്ഷിച്ചെടുക്കാൻ സാധിക്കൂ. ദുഷ്കൃത്യങ്ങളുടെ ആധിക്യം കണ്ട് 'ദുഷ് പ്രഭുപ്പുലയാടികൾ പാർക്കും ഇപ്പുരയ്ക്കിടിവെട്ടു കൊള്ളട്ടെ' എന്ന് പ്രാകി ഇറങ്ങിപ്പോകുന്നതിന് പകരം ശുഭാപ്തി വിശ്വാസം കൈവെടിയാതിരിക്കുക എന്നതാണ് ഗുണപരമായ മാറ്റത്തിലേക്കുള്ള ആദ്യ ചുവട് എന്ന് നാം തിരിച്ചറിയുക.

*'സുരേശാ എന്താന്നറിയില്ല,*
*മ്മളെ കാലത്തിന്റെ പോക്ക് കണ്ടിറ്റ്*
*എനക്ക് ഒര് എത്തും പിടീം കിട്ട്ന്നില്ല*
*ഇപ്പം ഞാൻ വിചാരിക്കുന്നത് -*
*പൊത്തന കത്തിച്ചാമ്പലായ ഒര് പൊരേന്റുള്ളില്*
*പെട്ടുപോയിട്ടും ആരെങ്കിലും*
*തീ കെട്ത്താൻ വെരും വെരും എന്ന് കാത്തിരിക്കുന്ന പോയത്തക്കാരാണ് മ്മളൊക്കെ എന്ന്...'*
*'എന്നാലും വെര്മായിരിക്കും*
*കവിതയും കരുണയുമായി*
*ആരെങ്കിലും...'*

(പോയത്തക്കാരുടെ പോയട്രി, സോമൻ കടലൂർ)

■



## അബൂഷാദിൽ ജിദ്ദ
: 0507564495



മുഹമ്മദ് നബി(സ്വ)യുടെയും ഖദീജ(റ)യുടെയും അഞ്ചാമത്തെ സന്തതിയാണ് ഫാത്വിമ(റ). പ്രവാചകന് വഹ്‌യ് ലഭിക്കുമ്പോൾ ഫാത്വിമ(റ)ക്ക് ഏകദേശം അഞ്ച് വയസ്സായിരുന്നുവെന്ന് ചരിത്രം. അതിനാൽ ഫാത്വിമ ഇസ്‌ലാമിലാണ് വളർന്നതെന്ന് പണ്ഡിതന്മാർ അടയാളപ്പെടുത്തുന്നു.

അവരുടെ വിളിപ്പേരുകളിലൊന്ന് 'ഉമ്മു ഹബീബ്' (അവരുടെ പിതാവിന്റെ ഉമ്മയുടെ നാമം) എന്നായിരുന്നു. അവർ സദാ തിരുദൂതരുടെ കൂടെത്തന്നെയായിരുന്നതിനാൽ ആവോളം സ്നേഹം പിതാവിന് പകർന്നു നൽകി. ഒരിക്കൽ നബി(സ്വ) കഅ്ബക്കരികിൽ സുജൂദിലായിരിക്കുമ്പോൾ ഉഖ്ബതുബ്നു അബി മുഅയ്ത്ത് വന്ന് അദ്ദേഹത്തിന്റെ മുതുകിൽ ഒട്ടകത്തിന്റെ കുടൽ മാല ഇട്ടു. ഇത് കണ്ട അവർ പിതാവിന്റെ അടുത്തേക്ക് ഓടിച്ചെന്ന് അത് എടുത്തുമാറ്റി. പിതാവിന്റെ ഈ അവസ്ഥ കണ്ട് ഫാത്വിമ(റ) കരഞ്ഞു. അന്നേരം തിരുദൂതർ(സ്വ) പറഞ്ഞു: "എന്റെ പ്രിയപ്പെട്ട മകളേ, കരയരുത്. തീർച്ചയായും അല്ലാഹു നിന്റെ പിതാവിനെ ഒരിക്കൽ വിജയിപ്പിക്കും."

ഫാത്വിമയെക്കാൾ പെരുമാറ്റത്തിലും ശീലങ്ങളിലും സ്വഭാവത്തിലും ഇരിപ്പിലും നിൽപിലും നടപ്പിലും പ്രവാചകനോട് സാദൃശ്യമുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ലെന്ന് മഹതി ആഇശ(റ)



# ഫാത്വിമ ബിൻത് മുഹമ്മദ്(സ്വ)

പറയുന്നതായി തിർമിദി റിപ്പോർട്ട് ചെയ്യുന്നു.

പ്രവാചകന് പ്രിയ പുത്രിയോട് അതിയായ സ്നേഹം ഉണ്ടായിരുന്നു. അവർ വീട്ടിലേക്ക് കടന്ന് വരുമ്പോഴൊക്കെ തിരുദൂതർ എഴുന്നേറ്റ് അവവരുടെ നെറ്റിയിലും കണ്ണുകൾക്കിടയിലും ചുംബിക്കുമായിരുന്നു.

അലി(റ)യും ഫാത്വിമ(റ)യും വിവാഹിതരായശേഷം ഒരിക്കൽ നബി(സ്വ) അവരെ സന്ദർശിക്കാൻ പോയി. ആ സമയം ഫാത്വിമയെ വീട്ടിൽ തനിച്ചായി കാണുകയുണ്ടായി. അലി എവിടെയാണെന്ന് തിരുദൂതർ ചോദിച്ചു, തങ്ങൾ പരസ്പരം പിണങ്ങിയിരിക്കുന്നുവെന്നും അലി വീട് വിട്ടുപോയെന്നും അവർ പറഞ്ഞു.

പ്രവാചകൻ(സ്വ) അലിയെ അന്വേഷിച്ച് ചെന്നപ്പോൾ പൊടിപിടിച്ച് മസ്ജിദിന്റെ ഒരു മൂലയിൽ ഉറങ്ങുന്നത് കണ്ടു. പൊടി തട്ടി തിരുദൂതർ(സ്വ) മരുമകനെ ഉണർത്തി. എന്നിട്ട് ഇങ്ങനെ പറഞ്ഞു: "അബൂ തുറാബേ, എഴുന്നേൽക്കൂ." അവർ എന്തിനെക്കുറിച്ചാണ് വഴക്കിട്ടതെന്ന് പോലും പ്രവാചകൻ ചോദിച്ചില്ല. അവിടുന്ന് അലിയോട് പറഞ്ഞു: "ഓ അലീ! എന്നോടൊപ്പം വീട്ടിലേക്ക് മടങ്ങുക."

ഫാത്വിമയുടെയും അലി(റ)യുടെയും ജീവിതം ദാരിദ്ര്യത്തിലായിരുന്നുവെങ്കിലും അവരുടെ ദാമ്പത്യജീവിതം സന്തോഷകരമായിരുന്നു. എപ്പോഴും പ്രവാചകൻ പ്രിയ പുത്രിയെ സന്ദർശിക്കുമായിരുന്നു. അവർക്ക് ഹസൻ, ഹുസൈൻ, മുഹ്സിൻ (ജനിച്ച് അധികം താമസിയാതെ മരിച്ചു), ഉമ്മുകുൽസൂം എന്നിങ്ങനെ നാല് മക്കളുണ്ടായിരുന്നു.

പിതാവ് മരിക്കുമ്പോൾ ഫാത്വിമയ്ക്ക് വയസ്സ് 28 മാത്രമെ ഉണ്ടായിരുന്നുള്ളൂ. പിതാവിന്റെ വിട പറയൽ അവരെ വല്ലാതെ തളർത്തി.

നബി(സ്വ) രോഗബാധിതനായപ്പോൾ അവർ അദ്ദേഹത്തിന്റെ അടുക്കലേക്ക് ചെന്നു. പതിവു പോലെ അവളെ ചുംബിക്കാനായി എഴുന്നേൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അത് കണ്ട അവർ കരയുന്നതിനിടയിൽ തിരുദൂതരുടെ വലതുവശത്തേക്ക് മാറി ഇരുന്നു.

പ്രവാചകൻ(സ്വ) പറഞ്ഞു: "പ്രിയപ്പെട്ട മകളേ, നിന്റെ ചെവി എന്നിലേക്ക് അടുപ്പിക്കൂ." ഫാത്വിമ(റ) ചെവി തിരുദൂതരിലേക്ക് അടുപ്പിച്ചു.

തിരുദൂതർ അവരുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. അതു കേട്ട് ഫാത്വിമ കരഞ്ഞു. പ്രവാചകൻ(സ്വ) വീണ്ടും മകളോട് ചെവി തന്നിലേക്ക് അടുപ്പിക്കാൻ പറഞ്ഞു. തിരുദൂതർ അവളുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. അതു കേട്ട് ഫാത്വിമ(റ) പുഞ്ചിരിച്ചു. പ്രവാചകന്റെ വഫാത്തിന് ശേഷം മഹതി ആഇശ(റ) ഫാത്വിമ(റ)യോട് അന്ന് നബി(സ്വ) കാതിൽ പറഞ്ഞ രഹസ്യം എന്തായിരുന്നുവെന്ന് ചോദിക്കുകയുണ്ടായി. അവർ പറഞ്ഞു: "മോളേ, ഈ രോഗം കൊണ്ട് നിന്റെ ഉപ്പ മരിക്കും എന്നാണ് ആദ്യം പറഞ്ഞത്. അത് കേട്ടാണ് കരഞ്ഞുപോയത്. ഞാൻ കരയുന്നത് കണ്ടപ്പോൾ പിന്നീട് പിതാവ് പറഞ്ഞത് എന്റെ കുടുംബത്തിൽനിന്ന് എന്നെ അനുഗമിക്കുന്ന ആദ്യത്തെയാൾ ഞാൻ ആയിരിക്കുമെന്നാണ്. അപ്പോഴാണ് ഞാൻ ചിരിച്ചത്."

പ്രവാചകന്റെ വിയോഗത്തിന് ഏകദേശം ആറുമാസശേഷം ഫാത്വിമ(റ) ഈ ലോകത്തോട് വിട പറഞ്ഞു. മരണ ശയ്യയിൽ വെച്ച് ഫാത്വിമ പ്രിയതമനോട് ഇങ്ങനെ പറഞ്ഞു: 'മരണശേഷം എന്നെ താങ്കൾ ശരിയായി കഫൻ പുടകൊണ്ട് മറയ്ക്കണം. നിങ്ങൾ എന്നെ മറമാടുമ്പോൾ ആരും എന്റ ശരീരത്തിൽനിന്നും ഒന്നും കാണരുത്. രാത്രിയിൽ എന്നെ അടക്കം ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു."

പ്രിയതമയുടെ വിയോഗത്തിൽ അലി(റ) വളരെ വിഷമിക്കുകയും ഒരുപാട് കരയുകയും ചെയ്തുവെന്ന് ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതായി കാണാം. അലി(റ) പറഞ്ഞു: "തിരുദൂതരും ഫാത്വിമയും ആറുമാസത്തിനുള്ളിൽ മരണപ്പെട്ടതിന്റെ ഫലമായി ഞാൻ വല്ലാത്ത ശൂന്യതയും അതീവ ദുഃഖവുമനുഭവിച്ചു."

സ്വഭാവമഹിമ, പവിത്രത, ബഹുമാനം, എളിമ, ഭക്തി എന്നിവയുടെ ഏറ്റവും ഉയർന്ന മാതൃകയായിരുന്നു തിരുദൂതരുടെ അരുമപുത്രി ഫാത്വിമ(റ). ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



# വലിപ്പം കൂടിയ റമദാൻ ഹിലാൽ;
## ചില അബദ്ധ ധാരണകൾ

> മാസപ്പിറവി വളരെ നേർത്തതായോ വലിപ്പത്തിലോ കാണാനാവുമെന്നും വലിപ്പത്തോടുകൂടി കാണുമ്പോൾ അത് ഒന്നാം തീയതിയുടേതല്ല എന്ന് ധരിക്കേണ്ടതില്ല എന്നുമാണ് ജ്യോതിശാസ്ത്ര പഠനത്തിൽ നിന്നെന്നതു പോലെ പ്രവാചകാധ്യാപനത്തിൽനിന്നും നമുക്ക് മനസ്സിലാകുന്നത്. പിറവി എപ്പോൾ നമുക്ക് ദൃശ്യയോഗ്യമാകുന്നുവോ അന്നുമുതൽ നാം നോമ്പെടുക്കുക. മറ്റു സംശയങ്ങൾക്ക് യാതൊരു സ്ഥാനവും റസൂൽ(സ്വ) കൽപിക്കുന്നില്ല.

ഇസ്‌ലാമിക മാസനിർണയത്തിന് മാസപ്പിറവി (ഹിലാൽ) കാണുക എന്നത് പുണ്യകർമമാണ്. പ്രാമാണികരായ പണ്ഡിതന്മാർ ഹിലാൽ കാണുന്നതിനെ ഫർദു കിഫായയുടെ ഗണത്തിലാണ് ഉൾപ്പെടുത്തി യത്. മാസനിർണയത്തിന് കേരളത്തിൽ ബഹുഭൂരിപക്ഷം പേരും ഈ പ്രവാചകരീതി അനുധാവനം ചെയ്യുന്നവരാണ്. എന്നാൽ ഇതിനു വിപരീതമായി, ഹിലാൽ കാണേണ്ടതില്ല എന്നും പകരം ന്യൂമൂൺ, സൂര്യാസ്തമയ ശേഷമുള്ള ചക്രവാളത്തിലെ ചന്ദ്ര സാന്നിധ്യം എന്നീ മാനദണ്ഡങ്ങളുപയോഗിച്ചുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തി തീയതി നിർണയിച്ചാൽ മതി എന്നും വാദിക്കുന്ന ഒരു ന്യൂനപക്ഷവും കേരളത്തിലുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുസ്‌ലിം രാജ്യങ്ങളെല്ലാം പിറവിയുടെ കാഴ്ചയെത്തന്നെയാണ് മാസാരംഭത്തിന് നിദാനമാക്കുന്നത്.

ഈ വർഷത്തെ മാസനിർണയത്തിന് കണക്കുപയോഗിച്ചവർക്ക് ശഅ്ബാൻ മാസം 29ാം തീയതി ഫെബ്രുവരി 28ന് വെള്ളിയാഴ്ചയും പിറവിയുടെ കാഴ്ചയെ അടിസ്ഥാനപ്പെടുത്തിയവർക്ക് മാർച്ച് 1ന് ശനിയാഴ്ചയുമായിരുന്നു.

ശനിയാഴ്ച ശഅ്ബാൻ 29 പൂർത്തിയാക്കിയവർക്ക് തങ്ങളുടെ ഹിലാൽ താരതമ്യേന വലിപ്പത്തിലും ഉയരത്തിലും കാണാൻ കഴിഞ്ഞു എന്ന പ്രത്യേകത ഈ വർഷം ഉണ്ടായിരുന്നു. കടൽത്തീരത്തുനിന്നും അകലെയുള്ളവർക്ക് പോലും വീട്ടുമുറ്റത്തിരുന്ന് വളരെ വലിപ്പത്തിലുള്ള ഹിലാൽ കാണാനുള്ള ഭാഗ്യമുണ്ടായി. നിയ്യത്തോടുകൂടി ഹിലാൽ കാണുകയും ഹിലാൽ കണ്ടാൽ ചൊല്ലേണ്ടുന്ന പ്രാർഥന ചൊല്ലുകയും ചെയ്ത ഒട്ടേറെ പേർക്ക് അല്ലാഹു ഉദ്ദേശിച്ചാൽ അതിന്റെ പ്രതിഫലവും ലഭിക്കും.

ശനിയാഴ്ച മാസപ്പിറവി കണ്ട് സന്തോഷത്തോടെ ശഅ്ബാൻ 29 പൂർത്തിയാക്കി റമദാനിലേക്ക് കടന്നുവെങ്കിലും പല ഭാഗത്തുനിന്നുമുള്ള വിമർശനങ്ങൾകൊണ്ട്, പ്രമാണങ്ങളെ പിന്തുടരുന്നവർ പൊറുതിമുട്ടി. പ്രത്യേകിച്ചും കണക്കുപയോഗിച്ച് മാസം നിർണയിച്ചവരിൽ നിന്നായിരുന്നു കടുത്ത വിമർശനങ്ങൾ നേരിടേണ്ടിവന്നത്. മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിൽ മാത്രം മാസം നിശ്ചയിച്ചവർക്ക് റജബും ശഅ്ബാനും തീരുമാനിച്ചതിൽ പിഴവു പറ്റിയെന്ന് ചിലർ പറഞ്ഞുനടന്നു. മേഘമോ മറ്റു തടസ്സങ്ങളോ ഇല്ലായിരുന്നുവെങ്കിൽ വെള്ളിയാഴ്ച പിറവി കാണേണ്ടതായിരുന്നു എന്നും ശനിയാഴ്ച

**ജമാദുൽ ആഖിർ 29ന് മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് നാം റജബിലേക്ക് കടന്നത്. പിന്നീട് റജബ് 29ന് മാസപ്പിറവി കാണാൻ ശ്രമിക്കുകയും പിറവി കാണാതിരുന്നതിനാൽ റജബ് 30 പൂർത്തിയാക്കി ഫെബ്രുവരി 1ന് ശഅബാൻ 1 ആയി സ്ഥിരീകരിക്കുകയും ചെയ്തു. പൂർണമായും പ്രവാചക നിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഈ മാസങ്ങൾ സ്ഥിരീകരിക്കപ്പെട്ടത്. ഈ സ്ഥിരീകരണം തെറ്റായിപ്പോയി എന്ന് പറയുന്നവർക്ക് 'എന്ത് കൊണ്ട് തെറ്റി' എന്ന ചോദ്യത്തിന് ഒരു വിശദീകരണം നൽകാൻ കഴിയുന്നില്ല എന്നത് ഖേദകരമാണ്.**

കണ്ടത് രണ്ടാം ദിനത്തിന്റെ ഹിലാൽ ആണെന്നും ആയതിനാൽ റമദാനിലെ ഒരു നോമ്പ് നഷ്ടപ്പെട്ടു എന്നും അക്കൂട്ടർ പ്രചരിപ്പിച്ചു. ഈ വിമർശനങ്ങളോരോന്നും ശരിയോ എന്ന് പരിശോധന നടത്തുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

### റജബും ശഅ്ബാനും തീരുമാനിച്ചതിൽ പിഴവു പറ്റിയോ?

ജമാദുൽ ആഖിർ 29ന് മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് നാം റജബിലേക്ക് കടന്നത്. പിന്നീട് റജബ് 29ന് മാസപ്പിറവി കാണാൻ ശ്രമിക്കുകയും പിറവി കാണാതിരുന്നതിനാൽ റജബ് 30 പൂർത്തിയാക്കി ഫെബ്രുവരി 1ന് ശഅബാൻ 1 ആയി സ്ഥിരീകരിക്കുകയും ചെയ്തു. പൂർണമായും പ്രവാചക നിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഈ മാസങ്ങൾ സ്ഥിരീകരിക്കപ്പെട്ടത്. ഈ സ്ഥിരീകരണം തെറ്റായിപ്പോയി എന്ന് പറയുന്നവർക്ക് 'എന്ത് കൊണ്ട് തെറ്റി' എന്ന ചോദ്യത്തിന് ഒരു വിശദീകരണം നൽകാൻ കഴിയുന്നില്ല എന്നത് ഖേദകരമാണ്.

വെള്ളിയാഴ്ച മാസപ്പിറവി കണ്ടിരുന്നുവെങ്കിൽ കാഴ്ചയെ അടിസ്ഥാനമാക്കിയവർക്ക് ശഅ്ബാനിൽ 28 ദിവസം മാത്രമെ ഉണ്ടാകുമായിരുന്നുള്ളൂ. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ മാത്രമെ ശഅ്ബാൻ തീരുമാനിച്ചത് തെറ്റായിരുന്നു എന്ന് പറയാനാകൂ. എന്നാൽ അങ്ങനെയൊരു സാഹചര്യമുണ്ടായില്ല എന്നിരിക്കെ റജബ്, ശഅ്ബാൻ മാസങ്ങൾ തീരുമാനിച്ചതിൽ തെറ്റുണ്ട് എന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല.

### വെള്ളിയാഴ്ച പിറവി കാണാനാകുമായിരുന്നോ?

ശഅ്ബാൻ നിശ്ചയിച്ചതിൽ തെറ്റുണ്ട് എന്ന് സമർഥിക്കുന്നതിന് വേണ്ടി വെള്ളിയാഴ്ച പിറവി കാണാതിരുന്നത് മേഘം മൂലമോ മറ്റു തടസ്സങ്ങളാലോ ആണെന്നുമാണ് ഇപ്പോൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. സുന്നത്തനുസരിച്ച് മാസം നിശ്ചയിച്ചവർക്ക് തങ്ങളുടെ 28ന് വെള്ളിയാഴ്ച മാസപ്പിറവി നേക്കേണ്ടതില്ല. എങ്കിലും അന്ന് കണക്കനുസരിച്ച് ശഅ്ബാൻ 29 പൂർത്തിയാക്കിയവർക്ക് മാസപ്പിറവി നോക്കേണ്ടിവന്നു. എന്നാൽ അന്ന് അവർക്ക് പിറവി കാണാൻ സാധിച്ചില്ല എന്നതാണല്ലോ സത്യം. ഇതിനു കാരണം മേഘമോ മറ്റു തടസ്സങ്ങളോ ആയിരുന്നില്ല. മറിച്ച്, പിറവിയുടെ അടിസ്ഥാനത്തിൽ തുടങ്ങിയ ഇസ്‌ലാമിക മാസത്തിന്റെ 28ന് ആകാശത്ത് പിറവി കാണാനാവില്ല എന്നതു മാത്രമായിരുന്നു.

ശാസ്ത്രീയമായി പരിശോധിച്ചാലും വെള്ളിയാഴ്ച പിറവി കാണാനുള്ള സാധ്യത ഉണ്ടായിരുന്നില്ല എന്ന് കാണാൻ കഴിയും. വെള്ളിയാഴ്ച സൂര്യൻ അസ്തമിക്കുമ്പോൾ ലൂണാർ ഡിസ്കിന്റെ (പൂർണചന്ദ്രന്റെ വലിപ്പം) 0.37 % മാത്രമാണ് പ്രകാശിതമായത്. അതായത് ലൂണാർ ഡിസ്കിനെ ആയിരം ഭാഗമായി വിഭജിച്ചാൽ അതിൽ മൂന്നു ഭാഗം മാത്രം. പ്രകാശിത ഭാഗത്തിന്റെ വലിപ്പം എന്തായിരിക്കുമെന്ന് ഇതിൽ നിന്നും നമുക്ക് ഊഹിക്കാമല്ലോ. ഈ ഘട്ടത്തിൽ ദൃശ്യയോഗ്യമായ നിലയിൽ ഹിലാൽ രൂപപ്പെട്ടിരുന്നില്ല. നഗ്നനേത്രങ്ങൾ കൊണ്ട് ദർശിക്കാനാകാത്ത വിധം ചന്ദ്രന്റെ പ്രകാശിത ഭാഗം വളരെ വളരെ വളരെ നേർത്തതായിരിന്നു.

മാത്രമല്ല, വെള്ളിയാഴ്ച സൂര്യനസ്തമിക്കുമ്പോൾ ചന്ദ്രൻ ചക്രവാളത്തിൽ സൂര്യനസ്തമിച്ച ഭാഗത്ത് നിന്ന് കേവലം 5.7 ഡിഗ്രി മാത്രം ഉയരത്തിലായിരുന്നു. സൂര്യനസ്തമിച്ച ഭാഗത്ത് സൂര്യശോഭ മായാതെ നിലനിൽക്കുന്നതിനാൽ ആ ശോഭയിൽ മുങ്ങിപ്പോയ വളരെ നേർത്ത ചന്ദ്രന്റെ പ്രകാശിത ഭാഗത്തെ കാണാൻ സാധിക്കുമായിരുന്നില്ല. സൂര്യാസ്തമയ സമയത്ത് ചന്ദ്രന്റെ പ്രായം കേവലം 12 മണിക്കൂർ മാത്രമായിരുന്നു എന്നതാണ് ഇതിനു കാരണം. (വിശദീകരണം ചുവടെ)

ഈ അടിസ്ഥാനത്തിൽ മേഘാവൃതമായിരുന്നില്ലെങ്കിൽ വെള്ളിയാഴ്ച മാസപ്പിറവി കാണുമായിരുന്നു എന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ല. അതുകൊണ്ടുതന്നെ അടുത്തദിവസം ശനിയാഴ്ച അഭൂതപൂർവമായ വലിപ്പത്തിലും ഉയരത്തിലും കണ്ട ഹിലാൽ റമദാൻ 1 ന്റെതു തന്നെയെന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

**ഹിലാലിന് ഇത്ര വലുപ്പമോ?**

ശനിയാഴ്ച മാസപ്പിറവി കണ്ട് റമദാനിലെ നോമ്പ് ആരംഭിച്ചവർക്ക് ഒരു നോമ്പും നഷ്ടപ്പെട്ടിട്ടില്ല എന്ന് നാം മനസ്സിലാക്കി. എങ്കിൽ ശനിയാഴ്ച എല്ലാ ജനങ്ങൾക്കും കാണുമാറ് ഹിലാൽ വളരെ വലിപ്പത്തിലും ഉയരത്തിലും പ്രത്യക്ഷപ്പെട്ടത് എന്തുകൊണ്ട് എന്ന ചോദ്യമാണ് പലരിൽനിന്നും ഉയരുന്നത്. ശനിയാഴ്ച മാസപ്പിറവി കാണാൻ പുറപ്പെട്ടവരെ വിസ്ഡം ഹിലാൽ വിംഗ് ഇക്കാര്യം നേരത്തെ അറിയിച്ചിരുന്നു. ഹിലാൽ വളരെ വലിപ്പത്തിലും ചക്രവാളത്തിൽ വളരെ ഉയരത്തിലുമായിരിക്കും കാണാനാകുക എന്നും അത് തീയതി രണ്ടിന്റെ ഹിലാൽ ആണെന്ന് ധരിക്കരുതെന്നും വിസ്ഡം മുന്നറിയിപ്പ് നൽകിയിരുന്നു. അസാധാരണമായ രണ്ടു സാഹചര്യങ്ങളാണ് ഹിലാൽ ഇപ്രകാരം വലിപ്പത്തിലും ഉയരത്തിലും കാണാൻ കാരണമായത്.

*1) ചന്ദ്രന്റെ പ്രായം*

വെള്ളിയാഴ്ച രാവിലെ 6:17നായിരുന്നു ന്യൂമൂൺ ഉണ്ടായത്. ന്യൂമൂണിന് ശേഷം 12 മണിക്കൂർ സമയം കഴിഞ്ഞാണ് അന്ന് സൂര്യൻ അസ്തമിച്ചത്. അതായത് സൂര്യൻ അസ്തമിക്കുമ്പോൾ 12 മണിക്കൂർ പ്രായമുള്ള ചന്ദ്രനാണ് ചക്രവാളത്തിലുണ്ടായിരുന്നത് എന്നർഥം. പ്രായം കുറഞ്ഞ ഈ ചന്ദ്രനെ സുര്യാസ്തമയ സമയത്ത് കാണാൻ കഴിയില്ല എന്നത് സുനിശ്ചിതം. 16 മണിക്കൂറെങ്കിലും പ്രായമുണ്ടായിരുന്നുവെങ്കിൽ അന്നുതന്നെ പിറവി കാണാമായിരുന്നു.

1993ൽ ഗ്രീനിച്ചിലെ Royal Astronomical Society തങ്ങളുടെ ജേർണലിൽ പ്രസിദ്ധീകരിച്ച Records of young moon sighting എന്ന പ്രബന്ധത്തിൽ പറയുന്നത് 15.4 മണിക്കൂറിൽ താഴെ പ്രായമുള്ള ബാലചന്ദ്രനെ നഗ്നനേത്രങ്ങൾ കൊണ്ട് ലോകത്താരും തന്നെ കണ്ടിട്ടില്ലെന്നാണ്.

ഈ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ മാത്രം പ്രായമുള്ള ചന്ദ്രനെ കാണുക പ്രയാസകരമായിരുന്നു. അതുകൊണ്ടാണ് കണക്ക് പ്രകാരം ശഅ്ബാൻ 29 പൂർത്തിയാക്കിയവർക്ക് അന്ന് പിറവി കാണാൻ കഴിയാതെ പോയത്.


അസ്തമിച്ചു പോയ ഈ ചന്ദ്രനെ പിന്നീട് കാണാൻ സാധിച്ചത് അടുത്ത ദിവസം, ശനിയാഴ്ചയുടെ സൂര്യാസ്തമയ സമയത്താണല്ലോ. അപ്പോഴാകട്ടെ അതിന്റെ പ്രായം 24 മണിക്കൂർ കൂടി പിന്നിട്ട് 36 മണിക്കൂർ (12+24) കടന്നുകഴിഞ്ഞിരുന്നു. വളരെയേറെ പ്രായം കൂടുതലുള്ള ഈ ചന്ദ്രന് വലിപ്പവും കൂടുമെന്ന് പറയേണ്ടതില്ലല്ലോ. പ്രായം കൂടുതലായതിനാൽ ചന്ദ്രൻ ചക്രവാളത്തിൽ കൂടുതൽ ഉയരത്തിൽ പ്രത്യക്ഷപ്പെടുകയും കൂടുതൽ സമയം ചക്രവാളത്തിൽ നിലനിൽക്കുകയും ചെയ്തു. നാട്ടുകാർക്ക് മുഴുവൻ കാണത്തക്കവിധം ആകാശത്ത് ആദ്യമായി പ്രത്യക്ഷപ്പെട്ട ഈ ഹിലാൽ റമദാൻ ഒന്നാം തീയതിയുടേത് തന്നെയാണെന്നതിൽ ആർക്കും സംശയം വരേണ്ട കാര്യമില്ല.

സൂര്യാസ്തമയ സമയത്ത് ചന്ദ്രന്റെ പ്രായം 15 മണിക്കൂറിൽ താഴെയാകുന്ന സന്ദർഭങ്ങളിൽ അതിന്റെ കാഴ്ച അടുത്ത ദിവസത്തേക്ക് മാ

റ്റപ്പെടുകയും ഇരുപത്തിനാലു മണിക്കൂർകൂടി കടന്ന് താരതമ്യേന വലിപ്പമുള്ള ഹിലാൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇതാണ് ശനിയാഴ്ച പ്രത്യക്ഷപ്പെട്ട ഹിലാൽ കൂടുതൽ വലിപ്പത്തിൽ കാണാനിട വന്നതിനുള്ള ഒരു കാരണം. സമാനമായ രൂപത്തിൽ AD 2003 ലെ റമദാനിന് വലിയ ഹിലാൽ പ്രത്യക്ഷപ്പെട്ടത് ചർച്ചയായിരുന്നു.

*2) ചന്ദ്രന്റെ സ്ഥാനം പെരിജി(Perigee)യിൽ*

ഈ സമീപകാലത്തൊന്നും കാണാത്തവിധം വളരെ വലിപ്പം കൂടിയ ഹിലാൽ പ്രത്യക്ഷപ്പെടാനുള്ള പ്രധാന കാരണം ചന്ദ്രൻ പെരിജി(Perigee)യിലായിരുന്നു എന്നതാണ്. ഭൂമിക്കു ചുറ്റും ചന്ദ്രൻ ചലിക്കുന്ന പാതയിൽ (Orbit)മാസാവസാനം ചന്ദ്രൻ എവിടെ നിൽക്കുന്നു എന്നതാണ് ഹിലാലിന്റെ വലിപ്പം, ചക്രവാളത്തിൽ അതിന്റെ ഉയരം എന്നിവ നിർണയിക്കുന്ന പ്രധാന ഘടകം. ഭൂമിക്കു ചുറ്റും ചന്ദ്രൻ ചലിക്കുന്നത് ദീർഘവൃത്താകൃതിയിലുള്ള ഒരു പാതയിലൂടെയാണെന്ന് നമുക്കറിയാം. അതിനാൽ എല്ലാ സമയത്തും ചന്ദ്രനും ഭൂമിയും ഒരേ അകലത്തിലായിരിക്കില്ല. പാത വൃത്താകൃതിയായിരുന്നുവെങ്കിൽ ഈ അകലം എല്ലായ്പോഴും ഒന്നുതന്നെയായിരിക്കും. എന്നാൽ പാതയുടെ ആകൃതി ദീർഘവൃത്തമായതിനാൽ ഭൂമിയും ചന്ദ്രനും തമ്മിലുള്ള അകലം ഓരോ ദിവസവും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. മാസത്തിലൊരിക്കൽ ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്ത് വരുന്ന സന്ദർഭവും ഭൂമിയോട് ഏറ്റവും അകലത്തിൽ നിൽക്കുന്ന സന്ദർഭവും ഉണ്ടാകും. ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്ത് വരുന്ന സ്ഥാനത്തെ പെരിജി (Perigee) എന്നും അകലത്തിൽ വരുന്ന സ്ഥാനത്തെ അപോജി (apogee) എന്നും പറയുന്നു.




*ചന്ദ്രൻ (പെരിജി)* മാർച്ച് 1, ശനി

ഒരു ഗോളം മറ്റൊരു ഗോളത്തെ ചുറ്റുന്നതുമായി ബന്ധപ്പെട്ട കെപ്ലറുടെ നിയമം (Kepler's law of planetory motion) അനുസരിച്ച് ചുറ്റുന്ന ഗോളത്തിന്റെ വേഗത ആ ഗോളങ്ങൾ തമ്മിലുള്ള അകലത്തിന്റെ വർഗത്തിന് വിപരീതാനുപാതത്തിലായിരിക്കും. അതായത് ഗോളങ്ങൾ തമ്മിലുള്ള അകലം കുറയുമ്പോൾ ചുറ്റുന്ന ഗോളത്തിന്റെ വേഗത വർധിക്കും എന്ന് സാരം. ഇതനുസരിച്ച് ചന്ദ്രൻ ഭൂമിയോട് അടുത്ത് വരുന്ന സന്ദർഭത്തിൽ അഥവാ പെരിജിയിൽ ചന്ദ്രന്റെ വേഗത ഗണനീയമായി വർധിക്കും. ഈ ഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്ന ഹിലാൽ ക്രമാതീതമായ വലിപ്പം ആർജിച്ചിരിക്കുകയും ചെയ്യും. ഇങ്ങനെ പെരിജിയിൽ ഹിലാൽ ഉണ്ടാകുന്ന സാഹചര്യം അപൂർവങ്ങളിൽ അപൂർവമായേ ഉണ്ടാകാറുള്ളൂ.

മാർച്ച് 1ന് ശനിയാഴ്ച അത്തരം അപൂർവ സംഭവത്തിന് നാം സാക്ഷിയായി. ഹിലാൽ രൂപപ്പെടുന്ന ആ ദിവസം ചന്ദ്രൻ പെരിജിയിലായിരുന്നു. അതിനാൽ ശനിയാഴ്ച ഹിലാൽ അതിവേഗം വളരുകയും ക്രമാതീതമായ വലിപ്പം ആർജിക്കുകയുമാണുണ്ടായത്. അടുത്ത കാലത്തൊന്നുംതന്നെ ചന്ദ്രൻ പെരിജിയിലാകുമ്പോൾ ഹിലാൽ രൂപപ്പെട്ടതായി കാണുന്നില്ല. അപൂർവങ്ങളിൽ അപൂർവമായേ ഇങ്ങനെയൊരു സാഹചര്യമുണ്ടാകാറുള്ളൂ എന്നതുകൊണ്ടാണ് ശനിയാഴ്ച സാധാരണയിൽനിന്ന് ഭിന്നമായി ഹിലാലിന് അഭൂതപൂർവമായ വലിപ്പമുണ്ടായത്.

ഹിലാൽ വലിപ്പത്തിൽ കാണാൻ കാരണമായ, മുകളിൽ പരാമർശിച്ച രണ്ടു സാഹചര്യങ്ങളും ഒരുമിച്ചു വന്നു എന്നത് മാത്രമാണ് ശനിയാഴ്ച എല്ലാ പ്രദേശങ്ങളിലുമുള്ളവർക്കും ഹിലാൽ കാണാനുള്ള അവസരമുണ്ടാക്കിയത്. ശനിയാഴ്ച വലിപ്പത്തിലും ഉയരത്തിലും കണ്ടത് റമദാൻ 2ന്റെ ഹിലാൽ അല്ല, ഒന്നിന്റേതു തന്നെയാണ് എന്നാണ് ശാസ്ത്രീയ പരിശോധനയിൽനിന്നും നാം മനസ്സിലാക്കുന്നത്. കണക്കിനു പിന്നാലെ പോയി മാസം തീരുമാനിച്ചവർ ഇത്തരം സാഹചര്യങ്ങളെക്കുറിച്ച് പഠിക്കാതെയാണ് കാഴ്ചയെ അടിസ്ഥാനപ്പെടുത്തി റമദാൻ ആരംഭിച്ചവരെ വിമർശിക്കാൻ ശ്രമിക്കുന്നത്. വലിപ്പത്തിലും ഉയരത്തിലും നാം കണ്ട ഹിലാൽ റമദാൻ 1ന്റേതു തന്നെയാണെന്നും നോമ്പ് ആർക്കും നഷ്ടപ്പെട്ടിട്ടില്ലെ

ന്നും ഈ ചർച്ചയിൽ നിന്നും വ്യക്തമാണ്.

**വലിപ്പം കൂടിയ ഹിലാൽ; പ്രവാചകൻ(സ്വ) എന്ത് പറയുന്നു?**

മാസപ്പിറവി കണ്ടത് എന്നു മുതലാണോ അന്നു മുതൽ മാസം പിറന്നതായി കണക്കാക്കണമെന്നും വലിപ്പം നോക്കി അത് തീയതി രണ്ടിന്റെ ഹിലാലാണെന്ന് പറയരുതെന്നും പഠിപ്പിച്ച പ്രവാചക തിരുമേനി (സ്വ)യുടെ നിർദേശങ്ങൾ നാം ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്.

ആർക്കും വളരെ എളുപ്പത്തിൽ കാണാവുന്ന വലിപ്പത്തിലും ഉയരത്തിലും ഇത്രയും ദീർഘിച്ച സമയം ചക്രവാളത്തിൽ നിലനിന്ന ചന്ദ്രനെ റമദാൻ രണ്ടിന്റെ ചന്ദ്രനായി വിശേഷിപ്പിക്കുന്നതിന് ശാസ്ത്രത്തിന്റെ പിൻബലമില്ലെന്ന് നാം മനസ്സിലാക്കിയതു പോലെ ഇസ്‌ലാമികമായ യാതൊരു അടിസ്ഥാനവുമില്ല എന്നാണ് പ്രവാചകാധ്യാപനങ്ങളിൽ നിന്നും മനസ്സിലാകുന്നത്. പ്രവാചകൻ(സ്വ)യുടെ കാലത്തോ, പിന്നീട് സ്വഹാബാക്കളുടെ കാലഘട്ടത്തിലോ ഇത്തരം പരാമർശങ്ങൾ തള്ളിക്കളഞ്ഞിരുന്നതായി ഹദീസ് പരിശോധിക്കുന്നവർക്ക് മനസ്സിലാകും. മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഈ ഹദീസ് ശ്രദ്ധിക്കുക:

ആർക്കും വളരെ എളുപ്പത്തിൽ കാണാവുന്ന വലിപ്പത്തിലും ഉയരത്തിലും ഇത്രയും ദീർഘിച്ച സമയം ചക്രവാളത്തിൽ നിലനിന്ന ചന്ദ്രനെ റമദാൻ രണ്ടിന്റെ ചന്ദ്രനായി വിശേഷിപ്പിക്കുന്നതിന് ശാസ്ത്രത്തിന്റെ പിൻബലമില്ലെന്ന് നാം മനസ്സിലാക്കിയതു പോലെ ഇസ്‌ലാമികമായ യാതൊരു അടിസ്ഥാനവുമില്ല എന്നാണ് പ്രവാചകാധ്യാപനങ്ങളിൽ നി ന്നും മനസ്സിലാകുന്നത്. പ്രവാചകൻ(സ്വ)യുടെ കാലത്തോ, പിന്നീട് സ്വഹാബാക്കളുടെ കാലഘട്ടത്തിലോ ഇത്തരം പരാമർശങ്ങൾ തള്ളിക്കളഞ്ഞിരുന്നതായി ഹദീസ് പരിശോധിക്കുന്നവർക്ക് മനസ്സിലാകും

അബുൽ ബഖ്തരി ഉദ്ധരിക്കുന്നു: "ഉംറ നിർവഹിക്കാനായി പുറപ്പെടുകയും നഖല താഴ്‌വരയിൽ തമ്പടിക്കുകയും ചെയ്ത വേളയിൽ ഞങ്ങൾ മാസപ്പിറവി കാണാൻ ശ്രമിച്ചു. (പിറവി കണ്ടപ്പോൾ) ചില ആളുകൾ പറയുകയുണ്ടായി; 'അതിനു മൂന്ന് രാത്രിയുടെ പ്രായമുണ്ട്.' മറ്റുചിലർ പറഞ്ഞു: 'അത് രണ്ട് രാത്രി പ്രായമുള്ളതാണ്.' ഞങ്ങൾ പിന്നീട് ഇബ്നു അബ്ബാസി(റ)നെ കാണുകയും മാസപ്പിറവി കണ്ട കാര്യം പറയുകയും ചെയ്തു. അതിനു മൂന്ന് രാത്രിയുടെ പ്രായമുണ്ടെന്ന് ചിലർ പറയുന്നു; രണ്ട് രാത്രിയുടെ പ്രായമുണ്ടെന്ന് മറ്റു ചിലരും പറയുന്നു. (അപ്പോൾ) ഏതു രാത്രിയാണ് നിങ്ങളതിനെ കണ്ടതെന്ന് അദ്ദേഹം ചോദിച്ചു. ഇന്ന രാത്രിയാണ് ഞങ്ങൾ അതിനെ കണ്ടതെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'അത് കാണുമാറാകുന്ന സമയംവരെ അല്ലാഹു അതിനെ താമസിപ്പിക്കുന്നു എന്ന് റസൂൽ(സ്വ) പറഞ്ഞിട്ടുണ്ട്. അതിനാൽ നിങ്ങൾ അതിനെ കണ്ടത് എന്നു മുതലാണോ അന്നു മുതൽ (മാസം) കണക്കാക്കുക'' (സ്വഹീഹു മുസ്‌ലിം, ഹദീസ് നമ്പർ: 1088).

പിറവിചന്ദ്രൻ പ്രത്യക്ഷപ്പെടുന്നത് വലിപ്പത്തിലാണോ അതോ ചെറുതായാണോ എന്നു നാം നോക്കേണ്ടതില്ല. മറിച്ച് കാണുന്നതെന്നു മുതലാണോ അന്നുമുതൽ മാസമാരംഭിച്ചതായി കണക്കാക്കുക എന്നാണ് ഇബ്നു അബ്ബാസ്(റ) കൽപിക്കുന്നത്. ആ രൂപത്തിൽ ദൃശ്യയോഗ്യമാകുന്ന തരത്തിലാണ് അല്ലാഹു അത് കാണിച്ചുതന്നത് എന്ന് മനസ്സിലാക്കാനാണ് പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിച്ചതെന്നും ഇബ്നു അബ്ബാസ്(റ) വ്യക്തമാക്കുന്നു.

പിറവിചന്ദ്രൻ വലുതായിക്കാണുന്നു എന്നതുകൊണ്ട് അത് തീയതി രണ്ടിന്റെ ചന്ദ്രനാണെന്ന് തെറ്റുധരിക്കേണ്ടതില്ല എന്നാണ് ഈ ഹദീസിൽനിന്നും നമുക്ക് മനസ്സിലാക്കാനാകുന്നത്. ശാസ്ത്രീയ പഠനത്തിൽനിന്നും നമുക്ക് ബോധ്യമായതും ഇതുതന്നെ. മാസപ്പിറവി വളരെ നേർത്തതായോ വലിപ്പത്തിലോ കാണാനാവുമെന്നും വലിപ്പത്തോടുകൂടി കാണുമ്പോൾ അത് ഒന്നാം തീയതിയുടേതല്ല എന്ന് ധരിക്കേണ്ടതില്ല എന്നുമാണ് ജ്യോതിശാസ്ത്ര പഠനത്തിൽ നിന്നെന്നതുപോലെ പ്രവാചകാധ്യാപനത്തിൽനിന്നും നമുക്ക് മനസ്സിലാകുന്നത്. പിറവി എപ്പോൾ നമുക്ക് ദൃശ്യയോഗ്യമാകുന്നുവോ അന്നുമുതൽ നാം നോമ്പെടുക്കുക. മറ്റു സംശയങ്ങൾക്ക് യാതൊരു സ്ഥാനവും റസൂൽ(സ്വ) കൽപിക്കുന്നില്ല. ■

ആശയ വിവർത്തനം:
മുജാഹിദ് അൽഹികമി പറവണ്ണ
:96055 67272

# ടോയ്‌ലെറ്റിനുള്ളിൽ വച്ച് വുദൂഅ് ചെയ്യാമോ?

## ? ടോയ്‌ലെറ്റിനുള്ളിൽവച്ച് വുദൂഅ് ചെയ്യുന്നതിന്റെ വിധിയെന്താണ്?

ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽഉസൈമീൻ (റഹി) പറയുന്നു:"ടോയ്‌ലെറ്റിനകത്തുവച്ച് വുദൂഅ് ചെയ്യുന്നതുകൊണ്ട് പ്രശ്നമില്ല. അയാളുടെ വുദൂഅ് സ്വീകാര്യമാണ്. എന്നാൽ, പള്ളിയുടെ ടോയ്‌ലറ്റുകളാണെങ്കിൽ, ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

പുറത്ത് ആളുകൾ കാത്തുനിൽക്കുകയും വുദൂഅ് ചെയ്യാൻ പള്ളിയിൽ പ്രത്യേക സൗകര്യവുമുണ്ടെ ങ്കിൽ, പള്ളിയുടെ ടോയ്‌ലറ്റുകളിൽ വെച്ചുള്ള വുദൂഅ് ഒഴിവാക്കണം. കാരണം, പുറത്ത് കാത്തിരിക്കുന്നവരെ പ്രയാസപ്പെടുത്താൻ നിങ്ങൾക്ക് അവകാശമില്ല. അതിനാൽ പെട്ടെന്ന് ആവശ്യം കഴിഞ്ഞ് പുറത്തിറങ്ങുകയും വുദൂഇനു വേണ്ടി പ്രത്യേകമായി ഒരുക്കിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്.

## ? റമളാനിലല്ലാതെ രാത്രി നമസ്ക്കാരം ജമാഅത്തായി നിർവഹിക്കാമോ?

ശൈഖ് ഇബ്നു ഉസൈമീൻ (റഹി) പയുന്നു: "പതിവായിട്ടല്ലാതെ, ഇടയ്ക്കൊക്കെ വിത്റും തഹജ്ജുദുമൊക്കെ ജമാഅത്തായി നിർവഹിക്കാം. കാരണം, പല സന്ദർഭങ്ങളിലായി ഇബ്നു അബ്ബാസ്(റ), ഇബ്നു മസ്ഊദ്(റ), ഹുദൈഫ(റ) തുടങ്ങിയ ചില സ്വഹാബിമാർ നബി (സ്വ)യുടെ കൂടെ ജമാഅത്തായി രാത്രി നമസ്ക്കാരം നിർവഹിച്ചിട്ടുണ്ട്. ഇത് എപ്പോഴുമല്ല, മറിച്ച് ചില രാത്രികളിൽ മാത്രമാണ്. ഉദാഹരണത്തിന്, ഒരാൾ തഹജ്ജുദ് നമസ്കരിക്കാൻ നിന്ന സമയത്ത് വീട്ടിൽ അതിഥി വന്നു. ആ അതിഥി വീട്ടുകാരന്റെ കൂടെ തഹജ്ജുദും വിത്റുമൊക്കെ ജമാഅത്തായി നമസ്കരിച്ചു. അതിന് പ്രശ്നമൊന്നുമില്ല.

ഈ പറയുന്നത് പതിവായി ജമാഅത്തായി നമസ്കരിക്കുന്നതിനെ പറ്റിയല്ല. മറിച്ച്, വല്ലപ്പോഴും ജമാഅത്തായി നിർവഹിക്കുന്നതിനെ കുറിച്ചാണ്. റമദാനില്ലല്ലാതെ രാത്രി നമസ്കാരം പതിവായി ജമാഅത്തായി നിർവഹിക്കാൻ പറ്റില്ല. എന്നാൽ, റമദാനിൽ തുടക്കം മുതൽ അവസാനം വരെ രാത്രി നമസ്കാരം ജമാഅത്തായി നിർവഹിക്കൽ സുന്നത്താണ്.

## ? ദുഹാ നമസ്കാരത്തിന്റെ ആദ്യസമയവും അവസാന സമയവുമെപ്പോഴാണ്?

ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉസൈമീൻ (റഹി) പറയുന്നു: "സൂര്യൻ ഉദിച്ചതിന് ശേഷം ഏകദേശം കാൽ മണിക്കൂർ കഴിയുമ്പോഴാണ് ദുഹായുടെ സമയം ആരംഭിക്കുക. ദ്വുഹ്റിന് സൂര്യൻ മധ്യത്തിൽനിന്നു തെറ്റുന്നതിന് ഏകദേശം 10 മിനുട്ട് മുമ്പ് വരെയാണ് ദുഹാ നമസ്കാരത്തിന്റെ അവസാന സമയം. അവസാന സമയത്തേക്ക് നീട്ടിവയ്ക്കേണ്ട നമസ്കാരങ്ങളിലൊന്നാണിത്. കാരണം, നബി(സ്വ) പറഞ്ഞു: "സ്വലാത്തുൽ അവ്വാബീൻ' അഥവാ ദുഹാ നമസ്കാരം ചെറിയ ഒട്ടകക്കുട്ടികൾക്ക് മണലിന്റെ ചൂട് അസഹ്യമാകുന്ന സമയത്താണ്" (മുസ്‌ലിം). അഥവാ, സൂര്യന്റെ ചൂട് കഠിനമാകുന്ന സമയത്ത്. കഴിയുമെങ്കിൽ, സൂര്യൻ മധ്യത്തിൽനിന്ന് തെറ്റുന്നതിന്റെ 15 മിനിറ്റ് മുമ്പ് ദുഹാ നമസ്കരിക്കുന്നതാണ് ഏറ്റവും ഉത്തമം. എന്നാൽ, ആ സമയത്ത് ഒരാൾക്ക് ജോലിയുടെയോ കച്ചവടത്തിന്റെയോ പഠനത്തിന്റെയോ ഒക്കെ തിരക്കുകളുണ്ടെങ്കിൽ, സൂര്യൻ ഉദിച്ച് ഒരു കുന്തത്തിന്റെ അത്ര ഉയർന്ന് കഴിഞ്ഞാൽ ദുഹാ നമസ്കാരം നിർവഹിക്കാവുന്നതാണ്. അതായത്, സൂര്യോദയത്തിന് ശേഷം ഏകദേശം പതിനഞ്ചു മിനുട്ട് കഴിഞ്ഞാൽ. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുസ്സജദ

സാംഷ്ടാംഗം

(മക്കയിൽ അവതരിച്ചത്)

അധ്യായം 32

لَوْ تَرَىٰ إِذِ الْمُجْرِمُونَ نَاكِسُو رُءُوسِهِمْ
عِندَ رَبِّهِمْ رَبَّنَا أَبْصَرْنَا وَسَمِعْنَا فَارْجِعْنَا
نَعْمَلْ صَالِحًا إِنَّا مُوقِنُونَ ﴿١٢﴾

وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَاهَا
وَلَٰكِنْ حَقَّ الْقَوْلُ مِنِّي لَأَمْلَأَنَّ جَهَنَّمَ
مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ ﴿١٣﴾

فَذُوقُوا بِمَا نَسِيتُمْ لِقَاءَ يَوْمِكُمْ هَٰذَا
إِنَّا نَسِينَاكُمْ ۖ وَذُوقُوا عَذَابَ الْخُلْدِ بِمَا
كُنتُمْ تَعْمَلُونَ ﴿١٤﴾

إِنَّمَا يُؤْمِنُ بِآيَاتِنَا الَّذِينَ إِذَا ذُكِّرُوا بِهَا
خَرُّوا سُجَّدًا وَسَبَّحُوا بِحَمْدِ رَبِّهِمْ وَهُمْ
لَا يَسْتَكْبِرُونَ ۩ ﴿١٥﴾

12. കുറ്റവാളികൾ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ തല താഴ്ത്തിക്കൊണ്ട്, 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിതാ (നേരിൽ) കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഞങ്ങളെ നീ തിരിച്ചയച്ചുതരേണമേ. എങ്കിൽ ഞങ്ങൾ നല്ലത് പ്രവർത്തിച്ചു കൊള്ളാം. തീർച്ചയായും ഞങ്ങളിപ്പോൾ ദൃഢവിശ്വാസമുള്ളവരാകുന്നു' എന്ന് പറയുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ (അതെന്തൊരു കാഴ്ചയായിരിക്കും!).

13. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആൾക്കും തന്റെ സൻമാർഗം നാം നൽകുമായിരുന്നു. എന്നാൽ ജിന്നുകൾ, മനുഷ്യർ എന്നീ രണ്ടു വിഭാഗത്തെയും കൊണ്ട് ഞാൻ നരകം നിറക്കുകതന്നെ ചെയ്യും എന്ന, എന്റെ പക്കൽനിന്നുള്ള വാക്ക് സ്ഥിരപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

14. ആകയാൽ നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്ന കാര്യം നിങ്ങൾ മറന്നുകളഞ്ഞതിന്റെ ഫലമായി നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുക. തീർച്ചയായും നിങ്ങളെ നാം മറന്നുകളഞ്ഞിരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി ശാശ്വതമായ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക.

15. നമ്മുടെ ദൃഷ്ടാന്തങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ സാഷ്ടാംഗം പ്രണമിക്കുന്നവരായി വീഴുകയും തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുകയും ചെയ്യുന്നവർ മാത്രമെ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയുള്ളൂ. അവർ അഹംഭാവം നടിക്കുകയുമില്ല.

12) ഉയിർത്തെഴുന്നേൽപ്പ് നാളിൽ അവർ എങ്ങനെയാണ് അവനിലേക്ക് തിരികെ കൊണ്ടുവരപ്പെടുകയെന്നും അവന്റെ മുമ്പിൽ നിൽക്കുമ്പോൾ അവരുടെ അവസ്ഥ എന്തായിരിക്കുമെന്നും അല്ലാഹു പറയുന്നു: (കുറ്റവാളികൾ ആയിരിക്കുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ) വലിയ തെറ്റുകളിൽ ശഠിച്ച് നിന്നവർ. (തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ തല കുനിച്ച്)

ഭയന്നവരായി, താഴ്മ കാണിക്കുന്നവരായി, നിന്ദ്യരും ബന്ധിതരുമായി. ഒരു തിരിച്ചുപോക്കിനെ അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കും. (ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിതാ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു) കാര്യങ്ങൾ ഞങ്ങൾക്ക് വ്യക്തമായി, നേർക്കുനേർ കണ്ട് ബോധ്യപ്പെട്ടു. (അതിനാൽ ഞങ്ങളെ നീ തിരിച്ചയക്കൂ. തീർച്ചയായും ഞങ്ങളിപ്പോൾ ദൃഢവിശ്വാസമുള്ളവരായിരിക്കുന്നു) ഞങ്ങൾ നിഷേധിച്ചതെല്ലാം ഞങ്ങൾക്കിപ്പോൾ ബോധ്യമായി.

13) ഇതെല്ലാം സംഭവിക്കുന്നത് അല്ലാഹുവിന്റെ വിധിയും തീരുമാനവും അനുസരിച്ചാണ്; തെറ്റുകളിൽനിന്നും നിഷേധത്തിൽനിന്നും അവർ അകന്നു നിൽക്കുന്നതിനനുസരിച്ച്. (നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആൾക്കും തന്റെ സൻമാർഗം നാം നൽകുമായിരുന്നു) മുഴുവൻ ജനങ്ങളെയും നാം സൻമാർഗത്തിൽ ഒരുമിപ്പിക്കുമായിരുന്നു. നമ്മുടെ ഉദ്ദേശ്യത്തിന് അത് ചെയ്യാൻ സാധിക്കും. പക്ഷേ, യുക്തി വിസമ്മതിക്കുന്നു; എല്ലാവരും സൻമാർഗത്തിലായിരിക്കുക എന്നത്. (എന്റെ പക്കൽ നിന്നുള്ള വാക്ക്) അത് ഉറപ്പിച്ചതാണ്. അതിൽ മാറ്റം സാധ്യമല്ല.

(ജിന്നുകൾ, മനുഷ്യർ എന്നീ രണ്ടു വിഭാഗത്തെ കൊണ്ട് ഞാൻ നരകം നിറക്കുകതന്നെ ചെയ്യും) പാപങ്ങളും അവിശ്വാസവും കാരണങ്ങളായി ഉണ്ടായാൽ ഈ കരാർ സംഭവിക്കുകതന്നെ ചെയ്യും, അത് മാറിപ്പോവില്ല.

14) (ആകയാൽ നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്ന കാര്യം നിങ്ങൾ മറന്നുകളഞ്ഞതിന്റെ ഫലമായി നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുക) അപമാനിതരായി, തങ്ങളുടെ നഷ്ടം വീണ്ടെടുക്കാൻ ഇഹലോകത്തേക്ക് തിരിച്ചുവരവ് ആവശ്യപ്പെടുന്ന കുറ്റവാളികളോട് ഇത് പറയപ്പെടും.

മടക്കത്തിനുള്ള സമയം അവസാനിച്ചു. ശിക്ഷയല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല. അതുകൊണ്ട് ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ മറന്നതിന്റെ ഫലമായി വേദനാജനകമായ ശിക്ഷ അനുഭവിക്കുക. ഈ മറവി അശ്രദ്ധയുടെ ഫലമായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നിങ്ങൾ പിന്തിരിഞ്ഞു. ആ ദിനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉപേക്ഷിച്ചു.

നിങ്ങൾ ഒരിക്കലും ആ ദിവസത്തിൽ വരികയോ അതിനെ നേരിടുകയോ ചെയ്യില്ലെന്ന മട്ടിലായിരുന്നു നിങ്ങൾ. (തീർച്ചയായും നാം നിങ്ങളെ മറന്നുകളഞ്ഞിരിക്കുന്നു) നിങ്ങൾ മറന്നതുപോലെ നിങ്ങളുടെ പ്രവൃത്തികൾക്ക് അനുയോജ്യമായ ശിക്ഷ ലഭിക്കാൻ നാം നിങ്ങളെ വിടും. (ശാശ്വത ശിക്ഷ നിങ്ങൾ അനുഭവിച്ചുകൊള്ളുക) അതായത്, ഒരിക്കലും അവസാനിക്കാത്ത ശിക്ഷ. ഒരു അവസാനവും ഒരു നിശ്ചിത കാലാവധിയും ഉണ്ടെങ്കിൽ അത് ആശ്വാസവും പ്രതീക്ഷയുമാണ്. എന്നാൽ നരകശിക്ഷയിൽ വിശ്രമമോ അവസാനമോ ഇല്ല. അല്ലാഹു അതിൽനിന്ന് നമ്മെ കാത്തുരക്ഷിക്കട്ടെ. (നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി) നിങ്ങളുടെ അവിശ്വാസത്തിന്റെ കൂടെയുള്ള ദുഷ്പ്രവൃത്തികൾ, പാപം എന്നിവയുടെ ഫലമായി.

15) തന്റെ വചനങ്ങൾ നിഷേധിച്ചവരെയും അവർക്കായി അവൻ ഒരുക്കിവച്ച ശിക്ഷയെയും പരാമർശിച്ചശേഷം അവനിൽ വിശ്വസിച്ചവർക്ക് പ്രതിഫലമായി ഒരുക്കിവച്ചതിനെക്കുറിച്ച് പറയുന്നു: (നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നത്) അതായത്, വിശ്വാസത്തിന്റെ അടയാളങ്ങൾ ദൃശ്യമാകുംവിധം യഥാർഥത്തിലുള്ള വിശ്വാസം. അവർ (നമ്മുടെ ദൃഷ്ടാന്തങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ) അവർക്ക് ക്വുർആൻ വചനങ്ങൾ ഓതിക്കേൾപിക്കുകയും അല്ലാഹുവിന്റെ ദൂതൻമാരിലൂടെ അവർക്ക് ഉപദേശം നൽകപ്പെടുകയും അതിലേക്ക് ശ്രദ്ധക്ഷണിക്കപ്പെടുകയും ചെയ്താൽ അവരത് കേൾക്കുകയും സ്വീകരിക്കുകയും അതിന് കീഴ്പ്പെടുകയും ചെയ്യും.(അവർ സുജൂദിൽ വീഴുകയും) അവർ അല്ലാഹുവിന്റെ സ്മരണകൾക്ക് കീഴ്പ്പെടുകയും അവനെ അറിയുന്നതിൽ സന്തോഷിക്കുകയും ചെയ്യും. (അവർ അഹംഭാവം നടിക്കുകയുമില്ല) അവരുടെ ഹൃദയങ്ങളിലോ പ്രവൃത്തികളിലോ അവർ അഹങ്കാരികളല്ല. അതിനാൽ അവർക്ക് കീഴടങ്ങാനും വിനയത്തോടെ പ്രവർത്തിക്കാനും തടസ്സമില്ല. വിശാല ഹൃദയത്തോടെ അവരത് സ്വീകരിക്കുന്നു. അതിലൂടെ അവരുടെ രക്ഷിതാവിന്റെ തൃപ്തി നേടുന്നു. ശരിയായ മാർഗത്തിൽ അവർ എത്തിച്ചേരുകയും ചെയ്യുന്നു. ■



റോഷൻ പുനലൂർ
: 8590613225

# ലഹരി: ഒടുങ്ങാതിരിക്കാൻ തുടങ്ങാതിരിക്കാം

> മദ്യത്തിന് ക്വുർആനിലും നബി വചനങ്ങളിലും ഉപയോഗിച്ചിരിക്കുന്ന പദം 'ഖംറ്' എന്നാണ്. ഇതിന്റെ അർഥം 'മറയ്ക്കുക,' 'മൂടുക' എന്നൊക്കെയാണ്. ബുദ്ധിയെ മൂടുന്നതും മറയ്ക്കുന്നതുമാണ് ലഹരി എന്നർഥം. ലഹരിപദാർഥങ്ങളുടെ ഉപയോഗം ബുദ്ധിയെ നീക്കിക്കളയുമെന്നതിൽ സംശയമില്ല. മാനസികമായി നിലതെറ്റുന്നതോടെ ലഹരിയുപഭോക്താവിൽ സംഭവിക്കുന്ന തെറ്റുകൾക്ക് പരിധിയോ പരിമിതിയോ ഉണ്ടാകാറില്ല.

വിശേഷബുദ്ധിയാണ് മനുഷ്യനെ ഇതര ജീവികളിൽ നിന്ന് വേർതിരിക്കുന്ന പ്രധാന ഘടകം. ചിരിക്കാനും ചിന്തിക്കാനും കാര്യങ്ങളെ വേർതിരിച്ച് മനസ്സിലാക്കാനുമുള്ള മനുഷ്യന്റെ പ്രാപ്തി സ്രഷ്ടാവായ അല്ലാഹു നൽകിയ വലിയ അനുഗ്രഹമാണ്. ലോകത്തുള്ള സചേതനവും അചേതനവുമായ സകലതും നിങ്ങൾക്കുവേണ്ടിയാണ് നാം സൃഷ്ടിച്ചിരിക്കുന്നത് എന്ന് അല്ലാഹു പ്രഖ്യാപിക്കുമ്പോൾ മനുഷ്യ സൃഷ്ടിപ്പിന്റെ മഹത്തായ ലക്ഷ്യം വരച്ചുകാട്ടുകയാണ് അതിലൂടെ.

ലൗകിക ജീവിതം നശ്വരമാണെന്നും പാരത്രിക വിജയത്തിനുള്ള കൃഷിയിടമാണ് ഇവിടമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. നന്മയെ നന്മയായി കാണാനും തിന്മയിൽനിന്ന് മാറിനിൽക്കാനും അല്ലാഹു മനുഷ്യന് അവസരം നൽകിയിട്ടുണ്ട്. 'ഇഖ്തിയാർ' എന്ന് പ്രമാണങ്ങൾ പരിചയപ്പെടുത്തുന്ന, മനുഷ്യന്റെ സ്വയംനിർണയങ്ങളിൽ വരുന്ന അപാകതകളുടെ പൂർണ ഉത്തരവാദി അവൻ തന്നെയാണ്.

ഭൗതിക ജീവിതത്തിൽ ശരിതെറ്റുകളെ വേർതിരിച്ച് ജീവിക്കുന്നവനാണ് യഥാർഥ വിശ്വാസി. ജീവിതത്തിൽ സുകൃതങ്ങൾ മാത്രമെ ചെയ്യാവൂ എന്നാണ് സ്രഷ്ടാവിന്റെ കൽപന. ജീവിതത്തിൽ സ്വാഭാവികമായി സംഭവിക്കുന്ന അപാകതകൾക്ക് പരിഹാരമായി കാരുണ്യവാനായ റബ്ബ് തൗബയെന്ന കാരുണ്യത്തിന്റെ കവാടം തുറന്നുവച്ചിട്ടുണ്ട്.

ലോകാവസാനത്തിലേക്ക് അടുക്കുന്തോറും കാര്യങ്ങൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. അതിന് കാലത്തെ പഴിച്ചതുകൊണ്ടോ സാഹചര്യങ്ങളെ ആക്ഷേപിച്ചതുകൊണ്ടോ കാര്യമില്ല. നമ്മുടെ സാമൂഹിക പരിസരത്തെ കുറിച്ചാണ് പറഞ്ഞുവരുന്നത്. വർത്തമാനകാലത്ത് തിന്മ ചെയാനുള്ള ത്വരയും ധാർമികമൂല്യങ്ങളോടുള്ള പുച്ഛവും ജനങ്ങൾക്കിടയിൽ വർധിച്ചു വരികയാണ്. ഒരുഭാഗത്ത് തിന്മകൾക്കെതിരെ ശക്തമായ ബോധവൽക്കരണം നടക്കുമ്പോൾ മറുഭാഗത്ത് ധാർമികമൂല്യങ്ങളെ കാർന്നുതിന്നുന്ന കൊള്ളരുതായ്മകൾ കുമിഞ്ഞുകൂടുന്നു!

ലഹരിയുപയോഗം മൂലം വൈയക്തികതലം തൊട്ട് സാമൂഹികവും രാഷ്ട്രീയവും സാസ്കാരികവുമായ നിഖില മേഖലകളിലും വലിയ പൊട്ടിത്തെറികളാണ് ഇന്ന് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലഹരിയോടുള്ള അഭിനിവേശം അതിവേഗത്തിൽ വളരുന്ന കാഴ്ചയാണ് നാം കാണുന്നത്.

കേവലം ആസ്വാദനമെന്നതിനപ്പുറം ലഹരിയുപയോഗംകൊണ്ട് ഒന്നും നേടുന്നില്ല എന്നും അത് മരണത്തിലേക്ക് തള്ളിവിടുമെന്നും അറിഞ്ഞിട്ടും ഇയ്യാംപാറ്റകളെ പോലെ അതിലേക്ക് പാഞ്ഞടുക്കുകയാണ് പുതുതലമുറ!

നിരന്തര ബോധവൽക്കരണം നടക്കുന്ന ഒരു മേഖലയാണിതെന്നിരിക്കെ അതിന്റെ പ്രതിഫലനം സമുഹത്തിൽ പ്രകടമാകുന്നില്ല എന്നതിന്റെ കാരണം അന്വേഷിക്കേണ്ടത് തന്നെയാണ്. വ്യക്തിതലം തൊട്ട് അന്താരാഷ്ട്രതലംവരെ ഇതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുമ്പോൾ അതിനെതിരെ ജാഗ്രത പാലിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്.

ക്വുർആനിന്റെ പ്രഖ്യാപനം കാണുക: "സത്യവിശ്വാസികളേ, മദ്യവും ചുതാട്ടവും പ്രശ്നംവച്ചു നോക്കാനുള്ള അമ്പുകളും പൈശാചിക മ്ലേച്ഛവൃത്തി മാത്രമാണ്. അതിനാൽ, നിങ്ങൾ അതെല്ലാം വർജിക്കുക."

ഇതിൽ ആദ്യം മദ്യത്തെ എടുത്തുപറഞ്ഞത് ലഹരി ഉപയോഗത്തോടുള്ള ഇസ്‌ലാമിന്റെ ശക്തമായ എതിർപ്പിനെ സൂചിപ്പിക്കുന്നു. അതിന് പൈശാചിക ദുർബോധനങ്ങൾ നിരന്തരമുണ്ടായിരിക്കുമെന്ന് സൂക്തത്തിന്റെ അടുത്ത ഭാഗങ്ങളിൽനിന്ന് മനസ്സിലാക്കാം.

മദ്യത്തിന് ക്വുർആനിലും നബിവചനങ്ങളിലും ഉപയോഗിച്ചിരിക്കുന്ന പദം 'ഖംറ്' എന്നാണ്. ഇതിന്റെ അർഥം 'മറയ്ക്കുക,' 'മൂടുക' എന്നൊക്കെയാണ്. ബുദ്ധിയെ മൂടുന്നതും മറയ്ക്കുന്നതുമാണ് ലഹരി എന്നർഥം. ലഹരിപദാർഥങ്ങളുടെ ഉപയോഗം ബുദ്ധിയെ നീക്കിക്കളയുമെന്നതിൽ സംശയമില്ല. മാനസികമായി നിലതെറ്റുന്നതോടെ ലഹരിയുപഭോക്താവിൽ സംഭവിക്കുന്ന തെറ്റുകൾക്ക് പരിധിയോ പരിമിതിയോ ഉണ്ടാകാറില്ല. ഇതിന് വർത്തമാനകാലത്തെ ഒരുപാട് സംഭവങ്ങൾ സാക്ഷിയാണ്.

ശാരീരികമായി വരുത്തുന്ന നാശം നോക്കിയാലും ലഹരിയൊരു ശാപംതന്നെ. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ലഹരിയുപയോഗം മൂലമാണ് ലോകത്ത് 30 ശതമാനം ആളുകളും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെടുന്നത്. കൂടാതെ ഓർമക്കുറവ്, ധൈര്യക്കുറവ്, അക്രമവാസന, വിഷാദം, വായയിലും തൊണ്ടയിലും ക്യാൻസർ, കരൾരോഗങ്ങൾ, ജലദോഷം, പ്രതിരോധശക്തിക്ഷയം, വിറയൽ, ഞരമ്പ് ശക്തിക്ഷയം, അൾസർ, അകാലവാർധക്യം, ഹൃദയാഘാതം, സ്തനാർബുദം, ലൈംഗികശേഷിക്കുറവ് തുടങ്ങിയ ഒരുപാട് രോഗങ്ങളും ഇതുമൂലമുണ്ടാകുന്നുണ്ട്.

സാമൂഹിക ഘടനയെത്തന്നെ മാറ്റിമറിക്കുന്ന മാറാവ്യാധിയാണ് ലഹരി. കുടുംബങ്ങളിൽ ലഹരിയുപയോഗം ഉണ്ടാക്കു

ന്ന വരുംവരായ്കൾ പരിശോധിക്കാം: ഇബ്നു അബ്ബാസ്(റ)വിൽനിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: അദ്ദേഹം പറഞ്ഞു: "പ്രവാചകൻ(സ്വ) പറയുന്നത് ഞാൻ കേട്ടു: 'മദ്യം നീചവൃത്തികളുടെ മാതാവും വൻപാപവുമാണ്. വല്ലവനും അതുകുടിച്ചാൽ അവന്റെ മാതാവിന്റെയും പിതൃസഹോദരിയുടെയും മാതൃസഹോദരിയുടെയും മേൽ അവൻ വീണെന്നിരിക്കും.'

മദ്യപാനിയായ ഒരാൾക്ക് പരിസരബോധവും തിരിച്ചറിവും നഷ്ടപ്പെടും. അതോടെ എന്തും ചെയ്യാമെന്ന മാനസികവസ്ഥയിൽ അവൻ എത്തിച്ചേരും. അപ്പോൾ സംഭവിക്കാനിടയുള്ള ഗുരുതരമായ തെറ്റുകളാണ് നടേ സൂചിപ്പിച്ച നബിവചനം എടുത്തുപറയുന്നത്.

കേരളത്തിൽ ഏറ്റവുമധികം ആത്മഹത്യകളും വിവാഹമോചനങ്ങളും നടക്കുന്നത് ഭർത്താവിന്റെ അമിത മദ്യാസക്തി മൂലമാണെന്ന് വനിതാ കമ്മിഷൻ നടത്തിയ സർവേയിൽ പറയുന്നു.

അനസ് ഇബ്നു മാലികി(റ)ൽനിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: "അല്ലാഹുവിന്റെ റസൂൽ(സ്വ) മദ്യത്തിന്റെ വിഷയത്തിൽ പത്തുപേരെ ശപിച്ചു; മദ്യം വാറ്റുന്നവൻ, അത് ആർക്ക് വേണ്ടി വാറ്റുന്നുവോ അയാൾ, അത് കുടിക്കുന്നവൻ, അത് വഹിക്കുവൻ, അത് ആർക്കുവേണ്ടി വഹിക്കുന്നുവോ അവൻ, അത് വിൽക്കുവൻ, അത് കുടിപ്പിക്കുവാൻ, അതിന്റെ വില തിന്നുന്നവൻ, അത് വിലയ്ക്കു വാങ്ങുന്നവൻ, ആർക്ക് വേണ്ടി വാങ്ങുന്നുവോ അവൻ."

അബൂഹുറയ്റ(റ)യിൽനിന്ന് നിവേധനം: "നിശ്ചയം നബി(സ്വ) പറഞ്ഞു: 'ഒരാൾ മദ്യപിക്കുമ്പോൾ വിശ്യാസിയായിക്കൊണ്ട് അയാൾ മദ്യപിക്കില്ല."

ലഹരിയുമായി ഏതെങ്കിലും രീതിയിൽ ബന്ധപ്പെട്ടാൽ അവന് അല്ലാഹുവിന്റെ ശാപം തീർച്ചയാണെന്ന് പ്രവാചകൻ (സ്വ) പറഞ്ഞു. ഒരു വിശ്വാസിക്ക് മദ്യവുമായി ബന്ധപ്പെടാൻ കഴിയില്ലെന്നും ബന്ധപ്പെട്ടാൽ അവൻ വിശ്വാസിയല്ലെന്നും ഉണർത്തുന്നു. ലഹരിയുപയോഗം ഒരാളുടെ വിശ്വാസത്തിൽ കളങ്കം ചാർത്തുതാണെന്ന് ചുരുക്കം.

മരുന്നിനുവേണ്ടി ലഹരി ഉപയോഗിക്കുതിനെയും ഇസ്‌ലാം വിലക്കിയതായി കാണാം. സുവൈദുബ്നു ത്വാരിഖ് എന്നയാൾ പ്രവാചകനോട് മദ്യത്തെക്കുറിച്ച് ചോദിച്ചു. അന്നേരം പ്രവാചകൻ (സ്വ) മദ്യം വിരോധിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ മരുന്നിന് വേണ്ടി മാത്രമാണ് അതുണ്ടാക്കിയിരുന്നത്.' പ്രവാചകൻ(സ്വ) പറഞ്ഞു: 'നിശ്ചയം, അത് രോഗമാണ്; രോഗശമനിയല്ല.'

നമ്മുടെ നാട്ടിലെ നിയമസംവിധാനത്തിന്റെ വീക്ഷണത്തിൽ ഒരാൾക്ക് സ്വതാൽപര്യപ്രകാരം മദ്യപിക്കാം. പക്ഷേ, ലഹരി പദാർഥങ്ങളിൽ അതിന്റെ ഭവിഷ്യത്ത് സൂചിപ്പിക്കുന്ന മുന്നറിയിപ്പ് കുറിച്ചിടണമെന്നാണ് നിയമം. ഇത്തരം മൂഢനിയമം നിലനിൽക്കുന്ന കാലത്തോളം ഇതിനൊന്നും പരിഹാരം കണ്ടെത്താൻ കഴിയില്ല. കുറ്റകൃത്യം നടന്ന ശേഷമെ ഭൗതിക നിയമങ്ങൾ ഇനിയെന്ത് എന്ന് ചിന്തിക്കുന്നുള്ളൂ. ഇസ്‌ലാം കുറ്റകൃത്യത്തെ തടയാനുള്ള പ്രതിവിധി ആദ്യം നിർദേശിക്കുന്നു.

അടുത്തിടെ കോഴിക്കോട്ടുനിന്ന് കഞ്ചാവ് വിൽപനയ്ക്കിടെ ചിലരെ പിടികൂടി. പോലീസ് പുറത്തുവിട്ട വിവരങ്ങൾ ആരെയും ഞെട്ടിക്കുതായിരുന്നു. ഇവരുടെ കാര്യമായ വിപണി കുട്ടികൾക്കിടയിലാണ്. നഗര പരിസരത്തെ മുസ്‌ലിം കുട്ടികൾ ഭൂരിപക്ഷമുള്ള സ്കൂളുകളിൽ പകുതിയോളം ഇവരുടെ ഇരകളാണത്രെ. ഇത് സർവസാധാരണ സംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്.

മദ്യവിൽപനയുടെ കണക്കുകൾ പുറത്തു വരുമ്പോൾ വർഷം തോറും ബീവറേജ് കോർപ്പറേഷന്റെ വിറ്റുവരവ് വർധിച്ചുവരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

ലഹരിയുണ്ടാക്കുന്ന എന്തും ഹറാമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഇച്ഛകൾ മനുഷ്യനെ തിന്മയിലേക്ക് ക്ഷണിക്കുമ്പോൾ വഴിനടത്താൻ പൈശാചിക ദുർബോധനങ്ങളുമുണ്ടാകും. വകതിരിവ് നീങ്ങിയുള്ള ഒരാസ്വാദനവും വിശ്വാസിക്ക് അനുവദനീയമല്ല. ■

അടുത്തിടെ കോഴിക്കോട്ടുനിന്ന് കഞ്ചാവ് വിൽപനയ്ക്കിടെ ചിലരെ പിടികൂടി. പോലീസ് പുറത്തുവിട്ട വിവരങ്ങൾ ആരെയും ഞെട്ടിക്കുതായിരുന്നു. ഇവരുടെ കാര്യമായ വിപണി കുട്ടികൾക്കിടയിലാണ്. നഗര പരിസരത്തെ മുസ്‌ലിം കുട്ടികൾ ഭൂരിപക്ഷമുള്ള സ്കൂളുകളിൽ പകുതിയോളം ഇവരുടെ ഇരകളാണത്രെ. ഇത് സർവസാധാരണ സംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഷറേഷന്റെ വിറ്റുവരവ് വർധിച്ചുവരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.



അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ഇതാണ് ക്വുർആൻ

മുഹമ്മദ് നബി(സ്വ)ക്ക് അവതീർണമായതും സൂറത്തുൽ ഫാതിഹകൊണ്ട് തുടങ്ങി സൂറത്തുന്നാസിൽ അവസാനിക്കുന്നതുമായ അല്ലാഹുവിന്റെ കലാമാണ്(വചനം) വിശുദ്ധ ക്വുർആൻ. അന്ത്യനാൾവരെയുള്ള മാനവസമൂഹത്തിന്റെ മാർഗദർശക ഗ്രന്ഥമാണത്. അതിലൂടെയല്ലാതെ പരലോകരക്ഷ സാധ്യമല്ല.

ക്വുർആനിന്റെ സവിശേഷതകളും മഹത്ത്വങ്ങളും വിവരിക്കാൻ എമ്പാടുമുണ്ട്. ക്വുർആനിലൂടെ അല്ലാഹു പരിചയപ്പെടുത്തുന്ന ക്വുർആനിന്റെ ചില സവിശേഷതകളാണ് താഴെ കൊടുക്കുന്നത്.

ക്വുർആൻ സദുപദേശമാണ്: അല്ലാഹു പറഞ്ഞു: "മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സദുപദേശം നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു" (യൂനുസ്: 57).

ക്വുർആൻ ഉത്ബോധനമാണ്: "തീർച്ചയായും അത് നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉൽബോധനം തന്നെയാകുന്നു" (സുഖുറുഫ്: 44). "സ്വാദ്. ഉൽബോധനം ഉൾകൊള്ളുന്ന ക്വുർആൻ തന്നെ സത്യം" (അസ്സ്വാദ്: 1).

ക്വുർആൻ സന്മാർഗമാണ്: "ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നാം കാര്യങ്ങൾ വിശദമാക്കിയിട്ടുള്ള ഒരു ഗ്രന്ഥം അവർക്കു നാം കൊണ്ടുവന്നു കൊടുത്തു. വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗദർശനവും കാരുണ്യവുമത്രെ അത്" (അൽഅഅ്റാഫ്: 52). "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ" (അൽബക്വറ: 185).

ക്വുർആൻ സത്യമാണ്: "നിനക്ക് നാം ബോധനം നൽകിയ ഗ്രന്ഥം തന്നെയാകുന്നു സത്യം. അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) സത്യപ്പെടുത്തുന്നതായിട്ട്...." (അൽഫാത്വിർ: 31).

"സത്യത്തോടു കൂടിയാണ് നാം അത് (ക്വുർആൻ) അവതരിപ്പിച്ചത്. സത്യത്തോടുകൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു. സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമാ യിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (അൽഇസ്റാഅ്: 105).

ക്വുർആൻ അനുഗൃഹീതവും

കാരുണ്യവുമാണ്: "നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി" (അസ്സ്വാദ്: 29). "എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (അന്നഹ്ൽ: 89).

ക്വുർആൻ ശിഫയാണ്: "സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിക്കുന്നു...." (അൽഇസ്റാഅ്: 82). "മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള (രോഗത്തിന്) ശമനവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)" (യൂനുസ്: 57).

ക്വുർആൻ പ്രകാശമാണ്: "മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു" (അന്നിസാഅ്: 174)."അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ (ക്വുർആനിനെ) പിൻപറ്റുകയും ചെയ്യുവരാരോ, അവർ തന്നെയാണ് വിജയികൾ" (അൽഅഅ്റാഫ്: 157). "പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക്

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിക്കുന്നു...." (അൽഇസ്റാഅ്: 82). "മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള (രോഗത്തിന്) ശമനവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)" (യൂനുസ്: 57).

നാം വഴി കാണിക്കുന്നു" (അശ്ശൂറാ: 52).

ക്വുർആൻ മഹാത്ഭുതമാണ്: "(നബിയേ,) പറയുക: ജിന്നുകളിൽനിന്നുള്ള ഒരു സംഘം ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടവർ (സ്വന്തം സമൂഹത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ക്വുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു" (അൽജിന്ന്:1).

ക്വുർആൻ സത്യാസത്യവിവേചനവും പ്രമാണവുമാണ്: "തന്റെ ദാസന്റെമേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം(ക്വുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനുവേണ്ടിയത്രെ അത്" (അൽഫുർക്വാൻ:1). "മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ന്യായപ്രമാണംവന്നുകിട്ടിയിരിക്കുന്നു" (അന്നിസാഅ്:174).

ക്വുർആൻ സന്തോഷവാർത്തയും താക്കീതുമാണ്: "വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അറബിഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം). സന്തോഷവാർത്ത അറിയിക്കുന്നതും താക്കീത് നൽകുന്നതുമായിട്ടുള്ള (ഗ്രന്ഥം). എന്നാൽ അവരിൽ അധികപേരും തിരിഞ്ഞുകളഞ്ഞു. അവർ കേട്ട് മനസ്സിലാക്കുന്നില്ല"(അൽഫുസ്സ്വിലത്ത്: 3,4).

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)" (അൽഇസ്റാഅ്: 9,10).

ക്വുർആൻ ഉന്നതവും ആദരണീയവും പ്രതാപമുള്ളതുമാണ്: "തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ (സൂക്ഷിക്കപ്പെട്ടതത്രെ). അത് ഉന്നതവും വിജ്ഞാന

സമ്പന്നവും തന്നെയാകുന്നു'' (സുഖുറുഫ്: 4).

"തീർച്ചയായും ഇത് ആദരണീയമായ ഒരു ക്വുർആൻ തന്നെയാകുന്നു. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്''(അൽവാകിഅ: 77,78). "...തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു'' (ഫുസ്സിലത്ത്: 41).

ക്വുർആൻ തത്ത്വസമ്പൂർണമാണ്: "യാസീൻ. തത്ത്വസമ്പൂർണമായ ക്വുർആൻ തന്നെയാണെ സത്യം!'' (യാസീൻ: 1,2).

ക്വുർആൻ അതിമഹത്തായതാണ്: "ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഏഴ് വചനങ്ങളും മഹത്തായ ക്വുർആനും തീർച്ചയായും നിനക്ക് നാം നൽകിയിട്ടുണ്ട്'' (അൽഹിജ്ർ: 87).

"ക്വാഫ്. മഹത്ത്വമേറിയ ക്വുർആൻ തന്നെയാണ് സത്യം!'' (ക്വാഫ്:1). "അല്ല, അത് മഹത്ത്വമേറിയ ഒരു ക്വുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്'' (അൽബുറൂജ്: 21,22).

ക്വുർആൻ വിളംബരമാണ്: "ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും ധർമനിഷ്ഠ പാലിക്കുന്നവർക്ക് മാർഗദർശനവും സാരോപദേശവുമാകുന്നു'' (ആലുഇംറാൻ: 138).

ക്വുർആൻ നിത്യചൈതന്യ സന്ദേശമാണ്: "അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴികാണിക്കുന്നു'' (അശ്ശൂറാ: 52).

അല്ലാഹുവിൽനിന്ന് നൽകപ്പെട്ട ഗ്രന്ഥം: "തീർച്ചയായും യുക്തിമാനും സർവജ്ഞനുമായിട്ടുള്ളവന്റെ പക്കൽനിന്നാകുന്നു നിനക്ക് ക്വുർആൻ നൽകപ്പെടുന്നത്'' (അന്നംല്: 6).


അല്ലാഹുവിന്റെ കലാമായ ഗ്രന്ഥം: "ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം (കലാം) അവൻ കേട്ടുഗ്രഹിക്കുവാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതുകൊണ്ടാണത്'' (അത്തൗബ: 6).

വെളിച്ചത്തിലേക്ക് നയിക്കുന്ന ഗ്രന്ഥം: അല്ലാഹു പറഞ്ഞു: "അലിഫ് ലാം റാ. മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്'' (ഇബ്റാഹീം:1).

വക്രതയില്ലാത്ത ഗ്രന്ഥം: "അതെ, ഒട്ടും വക്രതയുള്ളതല്ലാത്ത, അറബിഭാഷയിലുള്ള ഒരു ക്വുർആൻ. അവർ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി''(അസ്സുമർ: 28). "തന്റെ ദാസന്റെ മേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും അതിന് ഒരു വക്രതയും വരുത്താതിരിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. ചൊവ്വായ നിലയിൽ'' (അൽകഹ്ഫ്: 1,2).

ജീവിച്ചിരിക്കുന്നവർക്ക് താക്കീത്: "അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല. ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ക്വുർആനും മാത്രമാകുന്നു. ജീവനുള്ളവർക്ക് താക്കീത് നൽകുന്നതിന് വേണ്ടിയത്രെ ഇത്. സത്യനിഷേധികളുടെ കാര്യത്തിൽ (ശിക്ഷയുടെ) വചനം സത്യമായിപുലരുവാൻ വേണ്ടിയും'' (യാസീൻ: 69,70).

നേർവഴി കാണിക്കുന്നതും നേർവഴിയിലേക്ക് നയിക്കുന്നതു



മായ ഗ്രന്ഥം: "അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതില്‍ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവര്‍ക്ക് നേര്‍വഴി കാണിക്കുന്നതത്രെ അത്'' (അല്‍ബക്വറഃ 1,2). "അവര്‍(ജിന്നുകള്‍) പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീര്‍ച്ചയായും മൂസാക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങള്‍ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് നയിക്കുന്നു'' (അല്‍അഹ്ക്വാഫ്: 30).

ഏറ്റവും നല്ലതിലേക്കും ശരിയിലേക്കും നയിക്കുന്ന ഗ്രന്ഥം: "തീര്‍ച്ചയായും ഈ ക്വുര്‍ആന്‍ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു...'' (അല്‍ഇസ്‌റാഅ്:11). "...തീര്‍ച്ചയായും അത്ഭുതകരമായ ഒരു ക്വുര്‍ആന്‍ ഞങ്ങള്‍ കേട്ടിരിക്കുന്നു. അത് സന്‍മാര്‍ഗത്തിലേക്ക് വഴികാണിക്കുന്നു. അതുകൊണ്ട് ഞങ്ങള്‍ അതില്‍ വിശ്വസിച്ചു...'' (ജിന്ന്:11). "നിങ്ങള്‍ക്കിതാ അല്ലാഹുവിങ്കല്‍നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളില്‍നിന്ന് അവന്‍ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു'' (അല്‍മാഇദ:15,16).

വെല്ലുവിളി ഉയര്‍ത്തുന്ന ഗ്രന്ഥം: "(നബിയേ,) പറയുക: ഈ ക്വുര്‍ആന്‍ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേര്‍ന്നാലും തീര്‍ച്ചയായും അതുപോലൊന്ന് അവര്‍ കൊണ്ടുവരികയില്ല. അവരില്‍ ചിലര്‍ ചിലര്‍ക്ക് പിന്തുണ നല്‍കുന്നതായാല്‍ പോലും'' (അല്‍ഇസ്‌റാഅ്: 88).

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുര്‍ആനിനെ) പറ്റി നിങ്ങള്‍ സംശയാലുക്കളാണെങ്കില്‍ അതിന്റെതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങള്‍ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങള്‍ക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങള്‍ സത്യവാന്മാരാണെങ്കില്‍ (അതാണല്ലോ വേണ്ടത്). നിങ്ങള്‍ക്കത് ചെയ്യാന്‍ കഴിഞ്ഞില്ലെങ്കില്‍ നിങ്ങള്‍ക്കത് ഒരിക്കലും ചെയ്യാന്‍ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങള്‍ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികള്‍ക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്''(അല്‍ ബക്വറ: 23,24).

അസത്യം കടന്നുവരാത്ത ഗ്രന്ഥം: "തീര്‍ച്ചയായും ഈ ഉല്‍ബോധനം തങ്ങള്‍ക്കു വന്നുകിട്ടിയപ്പോള്‍ അതില്‍ അവിശ്വസിച്ചവര്‍ (നഷ്ടം പറ്റിയവര്‍തന്നെ). തീര്‍ച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതില്‍ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യര്‍ഹനുമായിട്ടുള്ളവന്റെ പക്കല്‍നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്'' (അല്‍ബക്വറ: 23,24).

മാറ്റിത്തിരുത്തില്‍നിന്ന് സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥം: "തീര്‍ച്ചയായും നാമാണ് ആ ഉല്‍ബോധനം അവതരിപ്പിച്ചത്. തീര്‍ച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്'' (അല്‍ഹിജ്ര്‍: 9).

മനസ്സിലാക്കുവാന്‍ എളുപ്പമുള്ള ഗ്രന്ഥം: "തീര്‍ച്ചയായും ആലോചിച്ചു മനസ്സിലാക്കാന്‍ ക്വുര്‍ആന്‍ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാല്‍ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?'' (അല്‍ക്വമര്‍: 9).

ഹൃദയങ്ങളില്‍ സൂക്ഷിക്കപ്പെടുന്ന ഗ്രന്ഥം: "എന്നാല്‍ ജ്ഞാനം നല്‍കപ്പെട്ടവരുടെ ഹൃദയങ്ങളില്‍ അത് സുവ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല'' (അങ്കബൂത്ത്: 49).

"തീര്‍ച്ചയായും ഈ ഉല്‍ബോധനം തങ്ങള്‍ക്കു വന്നുകിട്ടിയപ്പോള്‍ അതില്‍ അവിശ്വസിച്ചവര്‍ (നഷ്ടം പറ്റിയവര്‍തന്നെ). തീര്‍ച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതില്‍ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യര്‍ഹനുമായിട്ടുള്ളവന്റെ പക്കല്‍നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്'' (അല്‍ബക്വറ: 23,24).

ഹൃദയങ്ങളെ ഉറപ്പിച്ച് നിർത്തുന്ന ഗ്രന്ഥം: “സത്യനിഷേധികൾ പറഞ്ഞു; ഇദ്ദേഹത്തിന് ക്വുർആൻ ഒറ്റ തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്രകാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക) തന്നെയാണ് വേണ്ടത്. അതുകൊണ്ട് നിന്റെ ഹൃദയത്തെ ഉറപ്പിച്ച് നിർത്തുവാൻ വേണ്ടിയാകുന്നു. ശരിയായ സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപിക്കുകയും ചെയ്തിരിക്കുന്നു” (അൽഫുർകാൻ: 32).

നിർജീവ വസ്തുക്കളെ പോലും സ്വാധീനിക്കുന്ന ഗ്രന്ഥം: “ഈ ക്വുർആനിനെ നാം ഒരു പർവതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത്(പർവതം) വിനീതമാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു” (അൽഹശ്ർ: 21).:

ചരിത്രവിവരണ ഗ്രന്ഥം: “നിനക്ക് ഈ ക്വുർആൻ ബോധനം നൽകിയത് വഴി ഏറ്റവും നല്ല ചരിത്രവിവരണമാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുന്നത്” (യൂസുഫ്:3). “അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു...” (അസ്സുമർ: 23).

മുൻവേദങ്ങളെ സത്യപ്പെടുത്തുന്ന ഗ്രന്ഥം: “നിനക്ക് നാം ബോധനം നൽകിയ ഗ്രന്ഥം തന്നെയാകുന്നു സത്യം. അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) സത്യപ്പെടുത്തുന്നതായിട്ട്. തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു” (ഫാത്വിർ:31).

മുൻവേദങ്ങളെ കാത്തുരക്ഷിക്കുന്ന ഗ്രന്ഥം: “(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്...” (അൽമാഇദ: 48).

പ്രവചനങ്ങൾ ഏറെയുള്ള ഗ്രന്ഥം: “ഇസ്റാഈൽ സന്തതികൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരി ക്കുന്ന വിഷയങ്ങളിൽ മിക്കതും ഈ ക്വുർആൻ അവർക്ക് വിവരിച്ചു കൊടുക്കുന്നു. തീർച്ചയായും ഇത് സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു” (അന്നംല്: 76,77).

“റോമക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. അടുത്തനാട്ടിൽ വെച്ച്. തങ്ങളുടെ പരാജയത്തിനുശേഷം അവർ വിജയംനേടുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽതന്നെ” (അർറൂം: 2-4).

വിശദീകരണമായ ഗ്രന്ഥം: “...എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്” (അന്നഹ്ൽ: 89).

കണ്ണുതുറപ്പിക്കുന്ന തെളിവുകളുള്ള ഗ്രന്ഥം: “നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കിതാ കണ്ണുതുറപ്പിക്കുന്ന തെളിവുകൾ വന്നെത്തിയിരിക്കുന്നു. വല്ലവനും അത് കണ്ടറിഞ്ഞാൽ അതിന്റെ ഗുണം അവന്ന് തന്നെയാണ്. വല്ലവനും അന്ധത കൈക്കൊണ്ടാൽ അതിന്റെ ദോഷവും അവന്നുതന്നെ” (അൽആം: 104). “നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള കണ്ണുതുറപ്പിക്കുന്ന തെളിവുകളും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാണ് ഇത് (ക്വുർആൻ). ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം” (അൽഅഅ്റാഫ്: 104).

സുന്നത്തിൽ വിവരണമുള്ള ഗ്രന്ഥം: “നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കുവാൻ വേണ്ടിയും അവർ ചിന്തിക്കുവാൻ വേണ്ടിയും” (അന്നഹ്ൽ: 44).

“അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കി കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നത്” (അന്നഹ്ൽ: 64). ■

റഹ്മാൻ മധുരക്കുഴി



# കാരുണ്യമാസം വരവായി

മണ്ണിലും വിണ്ണിലും പുണ്യം വിരിയുമീ
കാരുണ്യ മാസം റമദാൻ.
ആത്മ വിശുദ്ധിതൻ ആദരവേറിയ
ആരമ്പ മാസം റമദാൻ.
നന്മ തന്നായിരം പൂക്കൾ വിടരുന്ന
വെൺമയുതിർക്കും റമദാൻ.
ഭക്തിതൻ വെട്ടമുലകിൽ പരത്തുവാൻ
ആഗതമായിതാ റമദാൻ.
അന്തരാളത്തിൽ തഖ്‌വ തൻ പീലികൾ
മധുരം ചൊരിയും റമദാൻ.
മാനവ മോചന ദിവ്യഗ്രന്ഥം പാരിൽ
അവതീർണമായ റമദാൻ.
മാനവ ഹൃത്തിന്നതിലോല ഭിത്തിയിൽ
സ്നേഹം വിതയ്ക്കും റമദാൻ.
ആലംബഹീനർക്ക് ആശ്വാസമേകുവാൻ
ആവേശമായ് പുണ്യറമദാൻ.
ആയിരം രജനിയെ വെല്ലുന്ന ലൈലത്തുൽ-
ഖദ്റിന്റെ മാസം റമദാൻ.
നാകത്തിൻ വാതായനം തുറക്കപ്പെടും
ത്യാഗത്തിൻ മാസം റമദാൻ.
ഭക്തർക്ക് പ്രാർഥനാ നിരതരായ് വർത്തിപ്പാൻ
പാത തെളിക്കും റമദാൻ.
പാപക്കറ നീക്കി പുണ്യം വിരിയിക്കാൻ
വന്നണഞ്ഞു പുണ്യ റമദാൻ.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 11 2025 മെയ്
## പെരിന്തൽമണ്ണ

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
15 March 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

13 Years of Colourful Smiles

ഒരു കുഞ്ഞുടുപ്പ്
ഒരു കുഞ്ഞു പുഞ്ചിരി

# ഈദ് കിസ്‌വ

പാവപ്പെട്ട ഒരുകുട്ടിക്ക്
പെരുന്നാൾ പുതുവസ്ത്രം നൽകാൻ
ഒരു ഓഹരി മാറ്റിവെക്കാം

പണം അയക്കേണ്ട വിവരങ്ങൾ

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

ഒരു കുട്ടിക്ക്
₹1300

കൂടുതൽ വിവരങ്ങൾക്ക് 7560 902 902 എന്ന നമ്പറിൽ ബന്ധപ്പെടുക.

WISDOM ISLAMIC STUDENTS ORGANISATION KERALA STATE COMMITTEE, CV COMPLEX, PV SWAMI ROAD, CALICUT-2, KERALA
wisdomstudents